# ബഥേൽപത്രിക

വാല്യം 8 സെപ്റ്റംബർ 1995 ലക്കം 9

ഞാൻ സകല ജഡത്തിന്റെയും ദൈവമാകുന്ന യഹോവയാകുന്നു. എനിക്ക് കഴിയാത്ത വല്ല കാര്യവും ഉണ്ടോ?
(യിരെ. 32:27)



ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

സെപ്റ്ററംബർ 1995



**രക്ഷാധികാരി**

നി. വ. ദി. ശ്രീ.
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 മഹാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി. ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. എബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

മറിയാം ദൈവമാതാവോ
ഫാ. മത്തായി ജോൺ

അപ്പോസ്തോലിക സഭ (II)
വിനോദ് ജോർജ്

അനുരഞ്ജനത്തിന്റെ ശുശ്രൂഷകർ
ഡീ. സി. ഡി. തോമസ്

എട്ടുനോമ്പ് സഭാചരിത്രത്തിൽ
ഡീ. ഫിലിപ്പ് ജേക്കബ്

എക്യുമെനിസം ചരിത്രവും പ്രസക്തിയും
ഫാ. മാത്യു കോശി

അഞ്ചാം തുബ്ദേനിലെ പിതാക്കന്മാർ (തുടർച്ച)
ഫാ. ഗീവറുഗീസ് ജോൺ

ഭദ്രാസനവാർത്തകൾ

ബാലപത്രിക
ആനി ജേക്കബ്


## ഇടയലേഖനം

വാത്സല്യ മക്കളെ,

വിദ്യാർത്ഥിനീ വിദ്യാർത്ഥികളിലും യുവജനങ്ങളിലും അടുത്ത കാലത്തായി കണ്ടുവരുന്ന ഒരു ദുഷിച്ച പ്രവണതയാണ് മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം. ദേവാലയങ്ങൾ പോലെ വിശുദ്ധങ്ങളായിരുന്നു ഒരു കാലത്ത് വിദ്യാലയങ്ങൾ, കലാലയങ്ങളും. എന്നാൽ വിദ്യാലയങ്ങൾ ഇന്ന് മദ്യാലയങ്ങളും കാലാലയങ്ങൾ കലാപാലയങ്ങളും ആയിത്തീർന്നിരിക്കുന്നു. അന്നത്തെ ഗുരുക്കന്മാർ പുരോഹിതന്മാരെപ്പോലെ വന്ദ്യരും ത്യാഗധനരും ആയിരുന്നു. ഇന്നത്തെ ഗുരുജനങ്ങളെപ്പററി അങ്ങനെയൊന്നും പറയുവാൻ കഴിയുകയില്ലെന്ന് അവർ തന്നെ സമ്മതിക്കും. അന്നത്തെ വിദ്യാർത്ഥികൾ യഥാർത്ഥ വിജ്ഞാന കാംക്ഷികൾ ആയിരുന്നു എന്നു മാത്രമല്ല ഗുരുജനങ്ങളെ കാണപ്പെടുന്ന ദൈവത്തെപ്പോലെ കരുതി ബഹുമാനിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ അദ്ധ്യാപകരൊത്തു ചേർന്ന് മദ്യപിക്കുന്നിടം വരെയെത്തി പുരോഗമനം. ചുരുക്കത്തിൽ വിദ്യാലയാന്തരീക്ഷത്തിന് ആകമാനമായ ഒരുമാററം ഇന്ന് സംഭവിച്ചിരിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം ആരംഭിച്ചതിന്റെയും ഈ ദുഷ്പ്രവണത ശക്തി പ്രാപിക്കുന്നതിന്റെയും മുഖ്യകാരണവും ഇതു തന്നെയാകുന്നു.

മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം കൂടുതലും നടക്കുന്നത് റസിഡൻഷ്യൽ വിദ്യാലയങ്ങളിലാണെന്നാണ് പൊതുവെയുള്ള ധാരണ. ഇത് കുറെയൊക്കെ ശരിയുമാണ്. റെസിഡൻഷ്യൽ വിദ്യാലയങ്ങളിലെ ഹോസ്ററലുകളിൽ താമസിക്കുന്ന ഭൂരിപക്ഷം കുട്ടികളുടെയും രക്ഷകർത്താക്കൾ വിദേശങ്ങളിലായിരിക്കും. അവർ ലോഭമില്ലാതെ അയയ്ക്കുന്ന പണം വിദ്യാർത്ഥികളെ ദുഷിച്ച പാന്ഥാവിലേക്കു തിരിച്ചുവിടുന്നു. പല റസിഡൻഷ്യൽ വിദ്യാലയങ്ങളും നിലനിൽക്കുന്നത് പെട്രോഡോളർ കൊണ്ടാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ഗൾഫ് കുഞ്ഞുങ്ങളെ പിണക്കുന്നത് ആപത്തായതിനാൽ മാനേജ്മെൻറും കുറെയൊക്കെ കണ്ണടയ്ക്കും.

പലകുട്ടികളും ലഹരി വസ്തുക്കളുടെ ഉപയോഗം പഠിക്കുന്നതും ആരംഭിക്കുന്നതും സഹപാഠികളിൽ നിന്നുമാണ്. ആദ്യമൊക്കെ ഒരു ജിജ്ഞാസകൊണ്ടോ ഒരു രസത്തിനുവേണ്ടിയോ ഒക്കെ ആയിരിക്കും അല്പം അകത്താക്കുന്നത്. കാലാന്തരത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമായിത്തീരുകയും ചെയ്യുന്നു. അവസാനം ലഹരി വസ്തുക്കളുടെ നീരാളിപ്പിടിത്തത്തിൽ

നിന്നും കുട്ടിയെ രക്ഷിക്കുവാൻ സാധ്യമല്ലാത്ത സ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്യുന്നു.

ഇങ്ങനെ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും നീരാളിപ്പിടുത്തത്തിൽപ്പെട്ടുപോയ എത്രയോ കുട്ടികളാണ് പഠനവും തുലച്ച് പണവും ആരോഗ്യവും നഷ്ടപ്പെടുത്തി വീടിനും നാടിനും പ്രയോജനമില്ലാത്തവരായിത്തീരുന്നത്. വീടിനും സമൂഹത്തിനും രാഷ്ട്രത്തിനു തന്നെയും മുതൽക്കൂട്ടായിത്തീരേണ്ട എത്രയോ പിഞ്ചുകുഞ്ഞുങ്ങളാണ് ഇവയൊക്കെ മൂലം ദീപനാളത്തിന് മുമ്പിലെ ഈയാമ്പാറ്റകളെപ്പോലെ ചിറകറ്റുവീഴുന്നത്? ഈ ദുരവസ്ഥയ്ക്കു നേരേ കണ്ണടയ്ക്കുന്നത് സമൂഹത്തോടു ചെയ്യുന്ന ഒരു വലിയ ദ്രോഹമാണ്.

വിദ്യാർത്ഥിനീ വിദ്യാർത്ഥികളിലെ ഈ ദുഷ്പ്രവണത ഒരു യാഥാർത്ഥ്യമാണെന്ന് അംഗീകരിച്ചേ തീരൂ. ഈ തെറ്റായ പ്രവണതയെ വേരോടെ പിഴുതെറിയുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചേ മതിയാകൂ.

വിദ്യാർത്ഥിനീ വിദ്യാർത്ഥികളിലെ മയക്കുമരുന്നുകളുടെ ഉപയോഗം തടയുവാൻ ആദ്യമായി ശ്രമിക്കേണ്ടത് വിദ്യാലയാധികൃതരും അദ്ധ്യാപകരും തന്നെയാണ്. വളരെ ചെറിയ ഒരു ന്യൂനപക്ഷമായിരിക്കും ഈ ദുഷ്പ്രവണതയ്ക്ക് നേതൃത്വം നൽകുന്നത്. ആരംഭകാലത്തു തന്നെ ഇവരെ പിടികൂടി സദുപദേശങ്ങൾ കൊണ്ടും മനശാസ്ത്രപരമായ സമീപനങ്ങൾ കൊണ്ടും അവരെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കണം. ഒരു വിധത്തിലും ഇവർ നന്നാകുകയില്ല എന്ന് ഉത്തമബോധ്യമായാൽ (ഇതിനുള്ള സാധ്യതവളരെ കുറവാണ്) അവരെ വിദ്യാലയത്തിൽ നിന്നും പറഞ്ഞു വിടുകതന്നെ വേണം. ഹോസ്റ്റൽ വിദ്യാർത്ഥികളിൽ ഈ പ്രവണത കൂടുതൽ കാണുവാനിടയുള്ളതിനാൽ ഹോസ്റ്റലധികാരികൾ സദാ ജാഗരൂകരായിരിക്കണം.

വിദ്യാർത്ഥികൾ എന്തുകൊണ്ട് ഈ ദുസ്വഭാവത്തിനടിമകളാകുന്നു എന്നുള്ളതും ഇത്തരുണത്തിൽ ചിന്തിക്കേണ്ടതാണ്. സഹപാഠികളുടെ പ്രലോഭനങ്ങൾക്ക് വഴങ്ങിയാണ് നല്ലൊരു പങ്ക് കുട്ടികൾ ഇവയ്ക്കടിമകളാകുന്നത്. ഗൾഫ് കുട്ടികളാണെങ്കിൽ മാതാപിതാക്കളുടെയും സഹോദരീ സഹോദരന്മാരുടെയും സ്നേഹവാത്സല്യങ്ങൾ ലഭിക്കാത്തതിലുള്ള നിരാശ കൊണ്ടായിരിക്കും. ഇങ്ങനെ പലകാരണങ്ങളും ഇതിന് പറയുവാൻ കഴിയും. എന്നാൽ മറ്റു ചില മാർഗ്ഗങ്ങളിൽ കൂടി കുട്ടികളെ ഇതിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷിക്കുവാൻ കഴിയും. പഠനത്തിന് യാതൊരു ഭംഗവും വരുത്താതെ ഓരോ കുട്ടിക്കും അവനവന്റെ അഭിരുചിക്ക് അനുസരണമായ പാഠ്യേതര പ്രവർത്തനങ്ങളിൽ



## മറിയാം ദൈവ മാതാവോ

ഫാ. മത്തായി ജോൺ

വേദപുസ്തകത്തിലെ സ്ത്രീകൾ എന്ന വിഷയത്തെ ആസ്പദമാക്കി പണ്ഡിതന്മാരുടേതായുള്ള ഇരുപത്തോളം പുസ്തകങ്ങൾ കുറേവർഷങ്ങൾക്കു മുമ്പ് ഒരു പ്രത്യേക ആവശ്യം

---

ഏർപ്പെടുവാനുള്ള സൗകര്യം വിദ്യാലയാധികൃതർ ചെയ്തു കൊടുക്കണം. പഠനത്തിൽ പിന്നോക്കം 'നിൽക്കുന്നവർക്ക് സ്പെഷ്യൽ ട്യൂഷൻ നൽകിയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തിയും ഈ പ്രവണതയ്ക്ക് കടിഞ്ഞാണിടാവുന്നതാണ്.

സഭകൾക്കും സന്നദ്ധ സംഘടനകൾക്കും സർക്കാരിനും വലിയൊരു പങ്ക് ഈ കാര്യത്തിൽ വഹിക്കാൻ കഴിയും. ആത്മീയ പ്രചോദനം നൽകുവാൻ തക്കതിൻ വണ്ണമുള്ള പ്രഭാഷണങ്ങളും ധ്യാനങ്ങളും കൗൺസിലിംഗുകളും വി. കുമ്പസാരവും സഭകൾക്ക് നടത്തുവാൻ കഴിയണം. മദ്യവും മയക്കുമരുന്നുകളും ലഹരി വസ്തുക്കളും അനധികൃതമായി വില്പന നടത്തുന്ന വ്യാപാരികളെ പോലീസിന് കൈമാറുവാൻ സന്നദ്ധ സംഘടനകൾ മുമ്പോട്ടുവരണം. പിടികൂടപ്പെടുന്ന കുറ്റവാളികളെ നിർദ്ദാക്ഷിണ്യം ശിക്ഷിക്കുവാൻ വേണ്ട നിയമ നിർമ്മാണം സർക്കാർ നടത്തണം. കുറ്റവാളികളെ കണ്ടെത്തുവാൻ സഹായിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും നിയമസംരക്ഷ നൽകുകയും കഴിയും വിധമുള്ള പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യേണ്ടത് സർക്കാരിന്റെ ചുമതലയാണ്.

വീടിനും നാടിനും രാഷ്ട്രത്തിനും മുതൽക്കൂട്ടാകേണ്ട ഇന്നത്തെ വിദ്യാർത്ഥി സമൂഹം മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളാകുന്നത് എത്രയോ കഷ്ടമാണ്. ഈ ദുഷിച്ച പ്രവണതയെ വേരോടെ പിഴുതെറിയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും എല്ലാ ഭിന്നാഭിപ്രായങ്ങളും തൽക്കാലത്തേക്ക് വിസ്മരിച്ച് നമ്മുടെ നാട്ടിലെ പിഞ്ചുകുഞ്ഞുങ്ങളുടെ രക്ഷയ്ക്കായി മുമ്പോട്ടുവരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ
കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ
അത്താനാസിയോസ്
മെത്രാപ്പോലീത്താ

പ്രമാണിച്ച് ഞാൻ നോക്കുകയുണ്ടായി.' ഒരു പ്രത്യേക 'സംഗതി എന്റെ ശ്രദ്ധയിൽ അപ്പോൾ വന്നു. ആ പുസ്തകങ്ങളിൽ രണ്ടെണ്ണത്തിലൊഴികെ മറ്റൊന്നിലും വി. കന്യക മറിയാമിനെ ഉൾപ്പെടുത്തിയിരുന്നില്ല എന്നതു തന്നെ.

'ഓ മറിയയെ' എന്ന് അല്പ പരിഹാസത്തോടുകൂടെ കന്യകമറിയമിനെക്കുറിച്ച് സംസാരിക്കുന്നത് 'രക്ഷിക്കപ്പെട്ടവർ' എന്നു സ്വയം അവകാശപ്പെടുന്ന പലരുടെയും ശൈലിയായിത്തീർന്നിരിക്കുന്നു. ഒരിക്കൽ പെന്തക്കോസ്തു കൂട്ടായ്മക്കാരനുമായുണ്ടായ ഒരു സംഭാഷണം താഴെ ചേർക്കുന്നു.

'സാറെ, നിങ്ങൾ പെന്തക്കോസ്തുകാർ വേദപുസ്തകത്തിലെ വിധികളും നിർദ്ദേശങ്ങളും മറ്റും നിറപടിയായി നിവർത്തിക്കുന്നവരല്ലെ?'

'അതെ'

'അങ്ങനെയാണെങ്കിൽ നിങ്ങളുടെ ആരാധനയിലും മറ്റും വി. കന്യകമറിയാമിനെക്കുറിച്ച് ഭാഗ്യവതി എന്നു പുകഴ്ത്താത്തത് എന്തുകൊണ്ട്''?

'അങ്ങനെ ചെയ്യണമെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല' ഉടനെ തന്നെ ഞാൻ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന വേദപുസ്തകം വാങ്ങി വി. ലൂക്കോസിന്റെ സുവിശേഷം 1:48 ചൂണ്ടിക്കാട്ടിക്കൊണ്ട് ചോദിച്ചു. 'ഇവിടെ എന്താണ് എഴുതിയിരിക്കുന്നത്?'

(കണ്ടാലും ഇന്നു മുതൽ സകല തലമുറകളും ഭാഗ്യവതി എന്നു വാഴ്ത്തും എന്ന ഭാഗം)

ആ ഭാഗം അദ്ദേഹം നോക്കിക്കണ്ടു പക്ഷെ മൗനം.

'ഇതേതാത്മാവിൽ പറയപ്പെട്ടതാണ്? 'പരിശുദ്ധാത്മാവിൽ' (സമ്മതിക്കാതെ നിവൃത്തിയില്ലല്ലൊ)

''അപ്പോൾ' ഓ മറിയയെ'' എന്ന് ഹാസ്യസ്വരത്തിൽ പറയുന്നതും പരിശുദ്ധാത്മാവിൽ ആയിരിക്കുമൊ? വചനമനുസരിക്കുന്നതിലുള്ള വിട്ടുവീഴ്ചയില്ലായ്മ കൊണ്ടായിരിക്കുമൊ അങ്ങനെ പറയുന്നത്? മൗനം...

ഇതിന് തികച്ചും നേർ വിപരീതമായ ഒരു നിലപാടാണ് റോമ്മാ സഭയിലുള്ളത്. മറിയഭക്തിവർദ്ധിച്ച് മറിയാരാധനയിലെത്തിച്ചേർന്നിരിക്കുന്നു. ഇതിനെ നിയമാനുസൃതമാക്കുവാൻ വേണ്ടി മറിയാം സഹരക്ഷക (Marv Co-Redeemer) എന്നൊരു വേദശാസ്ത്ര പ്രമാണം തന്നെ അവിടെ രൂപപ്പെടുത്തിയിരിക്കുന്നു. വ്യാജവും വഞ്ചനയും പ്രയോഗിച്ച് മറിയാമിനെ ദൈവത്തോടൊപ്പമൊ ദൈവത്തെക്കാളുപരിയൊ ആയി പ്രതിഷ്ഠിച്ചിരിക്കുന്നത് കാണുക.

വെളിപ്പാട് 12:1-6 വരെ ഭാഗത്തുകാണുന്ന സൂര്യനെ അണിഞ്ഞൊരു സ്ത്രീ എന്നീ ചിത്രീകരണം കന്യക മറിമിനെക്കുറിക്കുന്നതല്ലെന്നും സഭയെക്കുറിയ്ക്കുന്നതാണെന്നും വേദപണ്ഡിതന്മാർ പഠിപ്പിക്കുന്നു.

(ശേഷം 24-ാം പേജിൽ)



# എക്യുമെനിസം ചരിത്രവും പ്രസക്തിയും

ഫാദർ മാത്യു കോശി

ഓയികോമെനെ (Oikoumema) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് എക്യുമിനിസം (Ecumenism) എന്ന ഇംഗ്ലീഷ് പദത്തിന്റെ വ്യുൽപത്തി ഓയിക്കോസ് (Oikos) എന്ന ഗ്രീക്കു പദമാണ് ഇതിന്റെ മൂലമാണ്. താമസ സ്ഥലം, ഭവനം, പാർപ്പിടം എന്നെല്ലാം ഇത് അർത്ഥമാക്കുന്നു. പുതിയ നിയമത്തിൽ നിരവധി പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുണ്ട്; ഈ പദത്തിൽ നിന്നും ''വസിക്കുന്നതിന്'' എന്നർത്ഥം വരുന്ന ''ഓയിക്കെയോ'' (Oikeo) എന്ന ക്രിയാപദവും ക്രിയയുടെ Present Passive Participle ൽ നിന്നും ഭൂലോകം, ജനവാസയോഗ്യമായ ഭൂവിഭാഗം എന്നീ അർത്ഥങ്ങൾ വരുന്ന ഓയിക്കോമനെ (Oikomene) എന്ന പദവും ഉണ്ടായി. ഈ പദം വ്യത്യസ്ഥങ്ങളായ അർത്ഥങ്ങളിൽ പലരും ഉപയോഗിക്കുന്നുണ്ട്. പുതിയ നിയമത്തിൽ 15 പ്രാവശ്യം വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിരുന്നു. ലൂക്കോസ് 2:1, അപ്പോ. 17:6, എന്നീ ഭാഗങ്ങളിൽ ഇത് റോമ്മാസാമ്രാജ്യത്തെ അർത്ഥമാക്കുന്നു. എബ്രായർ 2:5 ൽ ഈ പദം സർവ്വലോകത്തെയും വിശദമാക്കുന്നു. മത്തായി 24:14 ലൂക്കോസ് 4:5, 21:26, അപ്പോ. 11:25, 17:31, എബ്രായർ 1:6, വെളിപ്പാട് 3:10, 12:9, 16:14 എന്നീ ഭാഗങ്ങളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ''അധിവാസയോഗ്യമായ ഭൂവിഭാഗം'' എന്ന അർത്ഥം നൽകുന്നതിനു വേണ്ടിയാണ്. മാസിഡോണിയായിലെ മഹാനായ അലക്സാണ്ടർ പിടിച്ചെടുത്ത ഭൂവിഭാഗത്തിന് പിൽക്കാലത്ത് ഈ പദം ഉപയോഗിച്ചു ആദിമ നൂറ്റാണ്ടുകളിൽ സഭ, ലോകം സാമ്രാജ്യം എന്നീ അർത്ഥങ്ങൾ ഈ പദത്തിൽക്കൂടി ഗ്രഹിക്കപ്പെട്ടിരുന്നു. റോമിലെ ക്ലമന്ത് ലോകസൃഷ്ടിയെപ്പറ്റി പരാമർശിക്കുമ്പോൾ ഈ പദം ഉപയോഗിക്കുന്നുണ്ട്. ഒറിഗൻ യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട ജനത്തെ ഈ പദത്താൽ സൂചിപ്പിക്കുന്നു. സഭാചരിത്രകാരനും പിതാവുമായ യൂസേബിയോസ് സഭയേയും, ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കപ്പെടുന്ന ലോകമായും ഈ പദത്തെ നിർവ്വചിക്കുന്നു അത്താനാസിയോസും ഈ അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. ലിയോൺസിലെ മെത്രാനായിരുന്ന ഐറേനിയോസ് അധിവാസയോഗ്യമായ ഭൂമിയുടെ അറ്റത്തോളം വ്യാപിച്ചുകിടക്കുന്ന സഭയെ ഈ പദത്തിൽ കൂടി അർത്ഥമാക്കുന്നുവെന്നു മാത്രമല്ല ആദിമ സഭയിലെ ഏഴു സമ്മേളനങ്ങളെ സാർവ്വത്രിക സുന്നഹദോസുകളായി കൂടി വ്യക്തമാക്കുന്നുണ്ട്.

A. D. 325ൽ നടന്ന നിഖ്യാ സുന്നഹദോസിനെ എക്യുമെനിക്കൽ സിനഡായി വിശേഷിപ്പിക്കുന്നു.

റോമാ സാമ്രാജ്യാധിപൻ ലോകത്തിന്റെ അതുല്യ നേതാവാകയാൽ അദ്ദേഹത്താൽവിളിച്ചു കൂട്ടപ്പെട്ട സുന്നഹദോസുകൾ എക്യുമെനിക്കൽ സിനഡുകളായി സൂചിപ്പിക്കപ്പെട്ടു. ഇത് ആകമാനസഭയുടെ പ്രാതിനിധ്യം ഈ സമ്മേളനങ്ങളിലുണ്ടായിരുന്നുവെന്ന് കരുതപ്പെട്ടതുകൊണ്ട് കൂടിയുമാണ്. പിൽക്കാലത്തു നടന്ന നിരവധി സമ്മേളനങ്ങൾ പ്രസ്തുത സംജ്ഞയാൽ നിർവ്വചിക്കപ്പെട്ടുകൊണ്ടിരുന്നു. സഭകളുടെ ലോകസമിതിയുടെ ഒന്നാം സമ്മേളനമായ ആംസ്റ്റർഡാം സമ്മേളനത്തിനുശേഷം ''ഓയിക്കോമെനെ'' എന്ന പദത്തിന് പ്രചാരം വർദ്ധിച്ചു. ചുരുക്കത്തിൽ ആധുനിക ലോകത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തെ ''സഭകളുട്ടെ മിഷനറി ദൗത്യം പൂർത്തീകരിപ്പാൻ സഹായിക്കുന്നതിനു വേണ്ടിയുള്ള സഭകളുടെ സാർവ്വ ലൗകികമായ കൂട്ടായ്മയുടെയും ഐക്യത്തിന്റെയും ഒരു മഹാ പ്രസ്ഥാനമായി കാണുവാൻ കഴിയും. ചരിത്രത്തിന്റെ അനന്തമായ പ്രയാണത്തിൽ കാലാകാലങ്ങളിൽ വിവിധങ്ങളായ അർത്ഥങ്ങളിലൂടെ ഈ പദം വിശദമാക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് അവിഭാജ്യമായ ഐക്യത്തെയും യേശുക്രിസ്തുവിലുള്ള അനർഗ്ഗളമായ സ്നേഹത്തെയും വ്യക്തമാക്കുന്ന ഒരു മഹാപ്രസ്ഥാനമായി ഇതു രൂപം പ്രാപിച്ചിരിക്കുന്നു.

എക്യുമെനിക്കൽ രംഗത്തെ അത്ഭുതാവഹമായ വളർച്ചയ്ക്ക് നിരവധി കാരണങ്ങളുണ്ടായിരുന്നെങ്കിലും ഇതിൽ പ്രധാനം മിഷനറി സമൂഹങ്ങളുടെ ആവിർഭാവവും അവയുടെ പ്രവർത്തന ശൈലികളുമായിരുന്നു. ഏകമായിരുന്ന സഭ പൗരസ്ത്യ സഭയെന്നും പാശ്ചാത്യ സഭയെന്നും രണ്ടായി പിരിഞ്ഞു. 1076ൽ വിശുദ്ധനാട് വീണ്ടെടുക്കുവാൻ വേണ്ടി നടന്ന കുരിശുയുദ്ധങ്ങളും സഭാ നേതൃത്വത്തിന്റെ ഭൗതികതയോടുള്ള ആഭിമുഖ്യവും സംഘടിത സഭയോടുള്ള സമീപനത്തിന് വ്യത്യാസം വരുത്തി. സുവിശേഷീകരണ ലക്ഷ്യങ്ങളിലേക്കും സന്യാസ ജീവിതത്തിലേക്കുമുള്ള അമിതമായ താല്പര്യം ഇക്കാലത്ത് പാശ്ചാത്യ സമൂഹങ്ങളിൽ വർദ്ധിച്ചു. 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥർ തുടങ്ങിവച്ച നവീകരണ പ്രസ്ഥാനം മിഷനറി സമ്മേളനങ്ങൾക്കും സംരംഭങ്ങൾക്കും തുടക്കം കുറിച്ചു. ബാപ്റ്റിസ്റ്റു മിഷനറിയായ വില്യം കേറിയുടെ നേതൃത്വത്തിൽ പല സ്ഥലങ്ങളിലും മിഷനറി സമ്മേളനങ്ങൾ ആരംഭിക്കുകയുണ്ടായി. 1910 ജൂൺ 12-ാം തീയതി സ്കോട്ട്ലൻറിലെ എഡിൻബറോയിൽ കൂടിയ അഖില ലോക മിഷനറി സമ്മേളനമാണ് ഈ രംഗത്തുള്ള ഏറ്റവും വലിയതും പ്രഥമവുമായ സമ്മേളനം. ആധുനിക മിഷനറിയുഗം വില്യം കേറിയോടു കൂടി ആരംഭിക്കുന്നു. എഡിൻബറോ സമ്മേളനത്തോടു കൂടി എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ഉണർവുണ്ടായി. ലോകവ്യാപകമായിട്ടുള്ള ഒരു ക്രൈസ്തവ സമൂഹത്തിന്റെ ആവശ്യകതയും അതു സംഘടിപ്പിക്കുവാനുള്ള ത്വരയും എഡിൻബറോ 'സമ്മേളനം മൂലമുണ്ടായി. തുടർന്ന് വിവിധ സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രാദേശികമായും ദേശീയമായുമുള്ള സമ്മേളനങ്ങൾ നടത്തപ്പെട്ടു. എന്നാൽ 1921 ഒക്റ്റോബറിൽ ന്യൂയോർക്കിൽ വച്ച് ഒരു അന്തർദ്ദേശീയ മിഷനറി കൗൺസിൽ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടു. 1928ൽ അന്തർദ്ദേശീയ മിഷനറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യറുശലേമിൽ വച്ച് ഒരു അഖില ലോകസമ്മേളനം നടത്തപ്പെട്ടു. സുവിശേഷീകരണ പ്രവർത്തനങ്ങൾക്കുള്ള പ്രസക്തിയെപ്പറ്റിയും അതിനുള്ള നൂതന കാഴ്ചപ്പാടുകളെപ്പറ്റി സമ്മേളനം ചർച്ച ചെയ്തു. തുടർന്ന് അടുത്ത ലോക സമ്മേളനം 1938ൽ ഇന്ത്യയിൽ മദ്രാസിനടുത്തുള്ള താംബരത്തു വച്ച് നടന്നു ''മുമ്പോട്ടു നീങ്ങുന്ന ക്രിസ്തീയ സമൂഹം'' എന്നതായിരുന്നു സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം. 69 രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. വിഭിന്ന സഭകളിൽപ്പെട്ടവരും വിവിധ രാജ്യക്കാരും ഒരുമിച്ചു കൂടിയ താംബരം സമ്മേളനം ആഗോള വ്യാപകമായ ക്രൈസ്തവ ഐക്യത്തിന്റെ ശക്തി വർദ്ധിച്ചു വരുന്നതിന്റെ ദൃഷ്ടാന്തമായിരുന്നു. തുടർന്ന് 1947ൽ വിറ്റ്ബി എന്ന സ്ഥലത്തുവച്ചു നടന്ന സമ്മേളനത്തിന്റെ മുഖ്യ ചിന്താ വിഷയം ''വിപ്ലവാത്മക ലോകത്തിൽ ക്രിസ്തീയ സാക്ഷ്യം'' എന്നുള്ളതായിരുന്നു. ക്രൈസ്തവദർശനത്തിന്റെ ആനുകാലീക പ്രസക്തിയെപ്പറ്റി യോഗം ചിന്തിച്ചു. വീണ്ടും 1952ൽ വില്ലിംജനിൽ വച്ചും 1958ൽ ഘാനയിൽ വച്ചും രണ്ടു ലോക സമ്മേളനങ്ങൾ കൂടി നടന്നു. ''മിഷനറി വേദശാസ്ത്രം എന്നതായിരുന്നു പ്രസ്തുത സമ്മേളനങ്ങളുടെ ചിന്താവിഷയം.

എക്യുമെനിക്കൽ രംഗത്ത് ഏറ്റവുമധികം സംഭാവനകൾ ചെയ്ത് അതിനെ വളർത്തിക്കൊണ്ട് വന്നത് മിഷനറി കൗൺസിലിന്റെ മുഖ്യനേട്ടം ഇതു തന്നെ ആയിരുന്നു. ആഗോള വ്യാപകമായ ക്രൈസ്തവ വീക്ഷണത്തിന് അടിത്തറ പാകിയത് ഇതിന്റെ പ്രവർത്തനങ്ങളായിരുന്നു. സഭകളുടെ ലോക കൗൺസിലിന് ബീജാവാപം ചെയ്തതും മിഷനറി കൗൺസിൽ തന്നെയാണ്.

# അപ്പോസ്തോലിക സഭ (II)

## വിനോദ് ജോർജ്ജ്, ആറാട്ടുപുഴ

നിഖ്യാ വിശ്വാസ പ്രമാണത്തിൽ സഭയ്ക്കു കൊടുത്തിരിക്കുന്ന വിശേഷണമാണ് 'അപ്പോസ്തോലികം' എന്നത്. പ്രസ്തുത പദം 'അപ്പോസ്റ്റലൊസ്' എന്ന ഗ്രീക്കു പദത്തിൽ നിന്നു ഉദ്ഭവിച്ചിട്ടുള്ളതാണ്. അതിന്റെ ക്രിയാരൂപത്തിനു (apostellous) 'അപ്പൊസ്റ്റെല്ലൊ' അഥവാ അയയ്ക്കുക എന്നർത്ഥം. അപ്പോസ്തോലൻ എന്ന പദം നമ്മുക്ക് സുപരിചിതമാണല്ലോ, സുവിശേഷങ്ങളിൽ ശിഷ്യന്മാർ എന്നു പറഞ്ഞിരിക്കുന്നവരെയും മറ്റു ചിലരെയും ക്രിസ്തുവിന്റെ ഉയർപ്പിനുശേഷം അപ്പോസ്തോലന്മാർ എന്നാണു പരാമർശിക്കുന്നത്. അപ്പോസ്തോലൻ (അപ്പോസ്തലൻ) എന്ന ഗ്രീക്കു പദത്തിന്റെയും, ശ്ലീഹാ എന്ന സുറിയാനി പദത്തിന്റെയും അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്.

സഭ അപ്പോസ്തോലികമാണ് എന്നു പറയുന്നതിൽ മൂന്നു സംഗതികൾ അന്തർഭവിച്ചിട്ടുണ്ട്.

(a) ഒരു ജനത തലമുറകളിൽ കൂടി തുടർച്ചയായി സ്ഥിതി ചെയ്യുന്നതുപോലെ സഭയും അതിന്റെ ചരിത്രത്തിൽ അപ്പോസ്തോലന്മാരുടെ സഭയുടെ തുടർച്ചയാണ്.

(b) സഭ ഏതു വിശ്വാസത്തിൽ ജീവിക്കുകയും ഏതു വിശ്വാസത്തെ പ്രഖ്യാപിക്കുകയും ചെയ്യുന്നുവോ ആ വിശ്വാസം അപ്പോസ്തോലന്മാരുടെ വിശ്വാസം തന്നെയാണ്.

(c) സഭ അതിനു വേണ്ടി തന്നെയല്ല നിലകൊള്ളുന്നത്, പിന്നെയോ കർത്താവായ യേശുക്രിസ്തുവിനാൽ അവന്റെ സാക്ഷികളായിരിക്കുന്നതിനു വേണ്ടി അപ്പോസ്തോലന്മാർ അയയ്ക്കപ്പെട്ടതുപോലെ തന്നെ സഭ ഇപ്പോഴും കർത്താവിനാൽ അയയ്ക്കപ്പെട്ടതാണ്.

കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരെ സഭ അപ്പോസ്തോലന്മാർ എന്നു വിളിച്ചു. കാരണം ഒരു പ്രത്യേക ദൗത്യം നിർവ്വഹിക്കുവാനായി രക്ഷയുടെ സുവിശേഷ ദൗത്യവുമായി അവർ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരായിരുന്നു. സഭയ്ക്കും ഇതേ വിശേഷണം തന്നെ ഉപയോഗിക്കാം. പുതിയനിയമത്തിൽ ഒരു പ്രാവശ്യം മാത്രമേ യേശുക്രിസ്തുവിനെ അപ്പോസ്തോലൻ എന്നു വിളിക്കുന്നുള്ളൂ. എന്നാൽ തന്റെ പ്രവർത്തനം തുടരുന്നതിനായി ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ നിയോഗിച്ച രീതി വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. 'മാളികമുറിയിൽ' വച്ച് 'പിതാവ്



എന്നെ അയച്ചതുപോലെ നിങ്ങളെയും അയയ്ക്കുന്നു' എന്നു പറഞ്ഞുകൊണ്ട് അവൻ അവരുടെ മേൽ ഊതി 'നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ' എന്നു അവൻ അവരോടു പറഞ്ഞു [വി. യോഹന്നാൻ 20:21]

പന്തിരുവരെ വിളിച്ചപ്പോൾ താൻ അവരെ അപ്പോസ്തോലന്മാർ എന്നു പേർ വിളിച്ചു [വി. ലൂക്കോസ് 6:13] മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം [വി. മർക്കോസ് 3:14) തന്നോടു കൂടെ ഇരിക്കേണ്ടതിനും, താൻ അവരെ അയയ്ക്കേണ്ടുന്നതിനും വേണ്ടി അത്രേ കർത്താവ് പന്തിരുവരെ വിളിച്ചത്. യേശു നേരത്തെതന്നെ ഒരു മിഷനറി യാത്രയ്ക്കുവേണ്ടി അവരെ അയച്ചിരുന്നു. അവർ മിഷനറി യാത്ര കഴിഞ്ഞു തിരിച്ചുവരുമ്പോൾ 'അപ്പോസ്തോലന്മാർ' എന്നു മർക്കോസ് അവരെപ്പറ്റി പറയുന്നു [വി. മർക്കോസ് 6:30] അയയ്ക്കപ്പെട്ടവർ എന്നു ഇതിനർത്ഥം. കർത്താവിന്റെ ഐഹിക ജീവിത കാലത്തു താൽക്കാലികമായി കൊടുത്ത ഈ നിയോഗം ഉയിർത്തെഴുന്നേല്പിനുശേഷം സ്ഥിരപ്പെടുത്തി [വി. മത്താ. 28:1, വി. യോഹ 20:21]

ലോകത്തിന്റെ രക്ഷയ്ക്കു വേണ്ടി രക്ഷയുടെ സുവാർത്തയുമായി അയയ്ക്കപ്പെട്ട അപ്പോസ്തോലന്മാരായിരുന്നു സഭയുടെ അടിസ്ഥാന ശിലകൾ. 'ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു' [എഫേ. 2:20] സഭ അപ്പോസ്തോലന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു എന്നുള്ള സുധീരമായ അവകാശ വാദത്തിന്റെ വിശദീകരണം എന്തെന്നാൽ ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷികളായിരുന്നു അവർ എന്നുള്ളതുതന്നെ. പഴയ നിയമ പ്രവാചകന്മാർ മുൻകൂട്ടി ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയും അവരുടെ പ്രവചനം യേശുക്രിസ്തുവിൽ നിവൃത്തിയാകയും ചെയ്തു. അപ്പോസ്തോലന്മാരാകട്ടെ അവൻ ക്രിസ്തുവാകുന്നു എന്നു അറിഞ്ഞിട്ടുള്ളവരും അവന്റെ ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിക്കുവാൻ കഴിയുന്നവരും അവനാൽ അയയ്ക്കപ്പെട്ടവരുമായിരുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ച് അപ്പോസ്തോലന്മാർ നൽകിയ സാക്ഷ്യമാണ് ഇന്നും സഭയുടെ അടിസ്ഥാനം. ഈ സാക്ഷ്യം ലോകത്തിൽ നിർവഹിക്കുന്ന സഭയാണ് 'അപ്പോസ്തോലിക സഭ' എന്നു അറിയപ്പെടുന്നത്. സഭയുടെ 'ഏകവും വിശുദ്ധവും കാതോലികവും' മായ സ്വഭാവത്തോടു ഈ വിശേഷണം ചേർന്നു പോകുന്നു.

ദൈവം ക്രിസ്തുവിൽക്കൂടി നിവർത്തിച്ചിട്ടുള്ളതിന് അപ്പോസ്തോലന്മാർ സാക്ഷ്യം വഹിച്ചു സ്ഥാപിതമായതുകൊണ്ടാണു സഭ അപ്പോസ്തോലികമായി നിലകൊള്ളുന്നത്. ഏതു കാലത്തും ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് ക്രിസ്തുവിന്റെ ശക്തിയിൽ പ്രസംഗിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിനു കർത്താവിന്റെ നേരിട്ടുള്ള നിയോഗത്തിൻ കീഴിൽ സഭ ഒന്നാകെ നിലകൊള്ളുന്നതിനാൽ അത് അപ്പോസ്തോലിക സഭയാണ്.

സത്യ വിശ്വാസത്തിലുള്ള തുടർച്ചയും അഖണ്ഡതയും അപ്പോസ്തോലിക സഭയുടെ പ്രധാന ലക്ഷണങ്ങളിലൊന്നാണ്. ക്രിസ്തീയ ജീവിതത്തിന്റെയും പ്രബോധനത്തിന്റെയും ഇടമുറിയാത്ത ഒരു പാരമ്പര്യം സഭയിലുണ്ട്. ''നിങ്ങൾ ഉറച്ചു നിന്ന് വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പാരമ്പര്യങ്ങളെ മുറുകെ പിടിച്ചുക്കൊൾവിൻ' [2 തെസ്സ. 2:15] എന്ന പ്രബോധനം അന്നുമുതൽ ഇന്നുവരെ സഭയിൽ ഓരോ അളവിൽ സൂക്ഷിക്കുവാൻ പരിശുദ്ധാത്മാവ് സഹായിച്ചിട്ടുണ്ട്. സഭയുടെ പാരമ്പര്യമെന്നത് നിർജ്ജീവവും വരണ്ടതുമായ ചില ആചാരാനുഷ്ഠാനങ്ങളല്ല, പരിശുദ്ധാത്മാവിന്റെ ആവാസം മൂലം സഭാശരീരത്തിൽ നിരന്തരവും സമ്പൂർണ്ണവുമായി ലഭിക്കുന്ന ജീവന്റെ അനുഭവത്തിനാണ് പാരമ്പര്യം എന്നുപറയുന്നത്;

ദൗത്യ ബോധം അപ്പോസ്തോലിക സഭയുടെ മറ്റൊരു ലക്ഷണമാണ്. അപ്പോസ്തോലികം എന്നുള്ളതിന്റെ ലത്തീൻ തർജ്ജമയിൽ നിന്നാണ് 'മിഷനറി' എന്ന പദമുണ്ടായത്. സകല മനുഷ്യരുടെയും സമ്പൂർണ്ണമായ നന്മയ്ക്കും രക്ഷയ്ക്കും വേണ്ടി നിലക്കൊള്ളുവാനാണ് അപ്പോസ്തോലിക സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സഭ, വർഗ്ഗീയവും ജാതീയവും രാഷ്ട്രീയവുമായ ഏതെങ്കിലും ഇടുങ്ങിയ താല്പര്യങ്ങൾക്ക് കൂട്ടുനിൽക്കുകയും ഏകമായ മനുഷ്യ വർഗ്ഗത്തെ ഭിന്നിപ്പിക്കുകയും ചെയ്താൽ അത് അതിന്റെ അപ്പോസ്തോലിക സ്വഭാവം നഷ്ടപ്പെടുത്തുകയാവും ചെയ്യുന്നത്. ലോകത്തിൽ നീതിയും സമാധാനവും നടത്തുകയും സ്നേഹവും സന്തോഷവും പ്രസരിപ്പിക്കുകയും ചെയ്യുന്ന സഭ അതിന്റെ അപ്പോസ്തോലികതയെ സാക്ഷാത്ക്കരിക്കുന്നു.

ഒരു സഭയെ അപ്പോസ്തോലികമെന്ന് വിളിക്കണമെങ്കിൽ അത് ഏതെങ്കിലും അപ്പോസ്തോലൻ സ്ഥാപിച്ചതായിരിക്കണമെന്ന് നിർബ്ബന്ധമില്ല. അപ്പോസ്തോല ശിഷ്യന്മാരുടെ അവരുടെ പിൻഗാമികളുമൊക്കെ സ്ഥാപിച്ചിട്ടുള്ളതുമായ പുരാതന സഭകളുണ്ട്. മുകളിൽ പറഞ്ഞതുപോലെ സത്യവിശ്വാസത്തിന്റെയും സുവിശേഷ ദൗത്യത്തിന്റെയും അപ്പോസ്തോലാധികാരത്തിന്റെയും പാരമ്പര്യത്തിൽ നിലനിൽക്കുന്ന എല്ലാ സഭകളെയും 'അപ്പോസ്തോലികം' എന്നു വിളിക്കാം.

(തുടരും)



# എട്ടുനോമ്പ് സഭാചരിത്രത്തിൽ

ഡീക്കൻ ഫിലിപ്പ് ജേക്കബ് കൂറ്റൂർ

വിശുദ്ധ കന്യക മറിയാമിന്റെ ജനനപെരുന്നാൾ 6-ാം നൂറ്റാണ്ടിൽ യറുശലേമിൽ ആഘോഷിച്ചിരുന്നതായി ചരിത്ര രേഖകൾ സൂചന നൽകുന്നുണ്ട്. 5-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യറുശലേമിൽ ബതസൈദാ കുളത്തിനു സമീപം നിർമ്മിതമായ ദേവാലയത്തിലാണ് ഈ പെരുന്നാൾ ആഘോഷം ആരംഭിച്ചത് എന്ന് കരുതപ്പെടുന്നു. 7-ാം നൂറ്റാണ്ടോടു കൂടി ഈ പെരുന്നാൾ പാശ്ചാത്യ സഭയിൽ അംഗീകരിക്കപ്പെട്ടു.

## മലങ്കരയിൽ

സെപ്തംബർ 8 വി. മാതാവിന്റെ ജനനപ്പെരുന്നാളായി കോപ്റ്റിക്, എത്യോപ്യൻ എന്നീ സഭാ വിഭാഗങ്ങൾ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയും ആഘോഷിക്കുന്നുണ്ടെങ്കിലും അതോടനുബന്ധിച്ചുള്ള ഉപവാസത്തോടുകൂടിയ 8 ദിവസത്തെ നോമ്പാചരണം മലങ്കരയിൽ മാത്രമേ കാണുന്നുള്ളൂ. (കോപ്റ്റിക്, എത്യോപ്യൻ സഭകളിൽ മെയ് 1-ാം തീയതിയാണ് വി. പെരുന്നാൾ ആഘോഷിക്കുന്നത്)

കൽദായ സഭയിൽ ''കന്യകകളുടെ നോമ്പ്'' എന്ന പേരിൽ അറിയപ്പെടുന്നതും മൂന്നു ദിവസം ദൈർഘ്യമുള്ളതുമായ ഒരു നോമ്പ് ഉണ്ടായിരുന്നു. 1301-ൽ കൊടുങ്ങല്ലൂരിൽ വച്ച് രചിക്കപ്പെട്ട ഒരു സഭാ പഞ്ചാംഗത്തിൽ ഈ ''കന്യകകളുടെ നോമ്പ്'' രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നോമ്പിനെ സംബന്ധിച്ച് നമുക്ക് ലഭ്യമായിരിക്കുന്ന രേഖ ഇപ്രകാരമാണ്.

''7-ാം നൂറ്റാണ്ടിൽ അബ്ദൽ മാലക് എന്ന അറബി രാജാവ് പേർഷ്യയുടെ ഭാഗമായ 'ഹിർത്താ' എന്ന പ്രദേശം പിടിച്ചെടുത്തു തന്റെ രാജ്യത്തോടു ചേർത്തു. ആ പ്രദേശത്തെ കന്യകമാർ രാജാവിന്റെ സേവിക ഗണത്തിൽ ചേരുവാൻ നിർബന്ധിക്കപ്പെട്ടു. ഇതറിഞ്ഞ് ഭയ പരവശരായ ക്രൈസ്തവ സമൂഹം ദേവാലയത്തിൽ നിരന്തര പ്രാർത്ഥന ആരംഭിച്ചു. മൂന്നാം ദിവസം ആരാധനാ മദ്ധ്യേ സ്ഥലത്തെ മെത്രാന്, രാജാവ് അന്തരിച്ചതായി വെളിപാട് ഉണ്ടായി. ഈ സംഭവത്തിന്റെ ഓർമ്മയ്ക്കായും നന്ദി സൂചകമായും, പ്രസ്തുത മെത്രാൻ 'യോഹന്നാൻ അസറാക്' കന്യകകളുടെ നോമ്പ് സ്ഥാപിച്ചു പാത്രിയർക്കീസ് 'അനനിയേശു' വിന്റെ ഭരണ കാലത്ത് ഈ സംഭവം നടന്നു.

ഉദയം പേരൂർ സുന്നഹദോസിന്റെ ഡിക്രിയിലും (1599) അക്കാലത്തെ മറ്റു ചില രേഖകളിലും എട്ടുനോമ്പിനെ കുറിച്ച് പരാമർശമുണ്ട് 'കന്യക കളുടെ'.

നോമ്പി''നോട് സാധർമ്മ്യമുള്ള എട്ടുനോമ്പിന്റെ ഉത്ഭവം 9-ാം നൂറ്റാണ്ടിലാണെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. ഇതിന്റെ ഉത്ഭവത്തെ സംബന്ധിച്ച് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള പാരമ്പര്യം ഇപ്രകാരമാണ്.

9-ാം നൂറ്റാണ്ടിൽ മുഹമ്മദിയർ കൊടുങ്ങല്ലൂർ ആക്രമിച്ചപ്പോൾ, യുവതികൾ തങ്ങളുടെ സംരക്ഷണത്തിനായി വിശുദ്ധ ദൈവ മാതാവിന്റെ മധ്യസ്ഥതയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി അഭയം പ്രാപിക്കുകയും അവർ വിശുദ്ധ മാതാവ് മുഖാന്തിരം ദൈവത്താൽ സംരക്ഷിക്കപ്പെടുകയും ചെയ്തു. ഇതിനെ തുടർന്ന് ഈ ഉപവാസം എട്ടുനോമ്പായി രൂപപ്പെട്ടു.

ഇത്രത്തോളം അംഗീകാരം സിദ്ധിക്കാത്ത മറ്റൊരു പാരമ്പര്യവും നിലവിലുണ്ട്. 'കൊടുങ്ങല്ലൂർ ഒരു വസന്ത പടർന്ന് പിടിച്ചപ്പോൾ ക്രൈസ്തവർ വിശുദ്ധ കന്യക മറിയാമിനോട് അപേക്ഷിക്കുകയും ജനം അത്ഭുതകരമായി രക്ഷപെടുകയും ചെയ്തു. ഇതിന്റെ കൃതജ്ഞതാ സൂചകരായി വിശുദ്ധ മാതാവിന്റെ ജനനപ്പെരുന്നാളിന് മുമ്പ് ഒരു ആഴ്ച നീണ്ടു നിൽക്കുന്ന ഉപവാസം ആരംഭിച്ചു.'' ഈ പാരമ്പര്യവും 9-ാം നൂറ്റാണ്ടിനോട് ബന്ധപ്പെടുത്തിയാണ് പരാമർശിക്കപ്പെടുന്നത്.

※

# അനുരഞ്ജനത്തിന്റെ ശുശ്രൂഷകർ

## ഡീക്കൻ സി ഡി. തോമസ് വടകാട്

[വൈദിക സമ്മേളനത്തിന്റെ (STOVS) അവലോകനം]

''പ്രഭാതം കൊണ്ടറിയാം ദിവസത്തിന്റെ ഭംഗി. ചെറുപ്പ കാലം കൊണ്ടറിയാം ജീവിതത്തിന്റെ ഭാവം'' എന്നാണ് മിൽട്ടൺ പറഞ്ഞിട്ടുള്ളത്. 1995 മെയ് 29 തിങ്കൾ അന്നത്തെ പ്രഭാതം ഏറെ പ്രശോഭിതമായിരുന്നു. മലങ്കര സഭയുടെ ആദ്ധ്യാത്മീക കേന്ദ്രമായ പരുമലയിൽ പ്രാർത്ഥനയും ധൂപസുഗന്ധവും ഒന്നിച്ച് മുകളിലേക്കുയരുന്നു. ശതാബ്ദി ആഘോഷം കഴിഞ്ഞു നിൽക്കുന്ന പരുമല പള്ളിയിലേക്ക് കേരളക്കരയിൽ നിന്നും പുറത്തു നിന്നും അനേകം വൈദികർ എത്തിക്കൊണ്ടിരുന്നു.

സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ (STOVS) ആറാമത് ത്രൈവാർഷിക ജനറൽ അസംബ്ലി ഇക്കഴിഞ്ഞ മെയ് മാസം 29 മുതൽ 31 വരെയുള്ള തീയതികളിൽ പരുമല തിരുമേനിയുടെ പാദസ്പർശനമേറ്റ പരുമലയിൽ നടന്നു. 29ന് രാവിലെ 10 മണിക്ക് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ വൈദിക സംഘം പ്രസിഡന്റ് പൗലോസ് മാർ മിലിത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. 'ഭൗതിക അതിപ്രസരണം നിറഞ്ഞ ലോകത്തിൽ കർത്താവിന്റെ സഭയെ നയിക്കുവാനുള്ള ഉത്തരവാദിത്വം വളരെ വലുതാണ്. അനുരജ്ഞനത്തിന്റെ ശുശ്രൂഷ ഫലപത്താകണമെങ്കിൽ അന്യോന്യം കുറ്റം പറയാതെ തെറ്റുകുറ്റങ്ങൾ സ്വയം ഏറ്റെടുക്കുന്ന മനസ് നമുക്കുണ്ടാകണമെന്ന്'' അദ്ദേഹം ചൂണ്ടിക്കാട്ടി. ''അനുരജ്ഞനത്തിന്റെ ശുശ്രൂഷ ആരേയും തോൽപ്പിക്കാനല്ല നാം തോൽക്കാനുമല്ല. ദൈവം ജയിക്കാനാണ് അനുരജ്ഞനത്തിന്റെ പാത നാം തെരഞ്ഞെടുക്കേണ്ടത്.'' അദ്ദേഹം തുടർന്നു പറഞ്ഞു.

പരിശുദ്ധ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ''ദൈവത്തോടു നിരപ്പാകാതെ അനുരജ്ഞനത്തിന്റെ ശുശ്രൂഷ സാധ്യമല്ലെന്ന്'' പ. ബാവാ പറഞ്ഞു. ''കർത്താവ് നിർവ്വഹിച്ച നിരപ്പിന്റെ ശുശ്രൂഷ നാമും നിർവ്വഹിക്കണം. കർത്താവ് അത് നിർവ്വഹിച്ചത് കുരിശിലൂടെയാണ്. നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും കുരിശാകൃതിയിലാണ്. കുരിശിലൂടെ തെക്കും വടക്കും യോജിക്കുന്നു. കിഴക്കും പടിഞ്ഞാറും യോജിക്കുന്നു. ഭൂമിയും സ്വർഗ്ഗവും യോജിക്കുന്നു. മാലാഖമാരും മനുഷ്യരും യോജിക്കുന്നു. ആത്മാവും ശരീരവും യോജിക്കുന്നു. ആ അനുരജ്ഞനത്തിന്റെ അനുഭവവും അടയാളവുമാണ് കുരിശ്. ദൈവം മനുഷ്യനിൽ ആയിത്തീർന്നതാണ് ക്രൈസ്തവ മതത്തിന്റെ വൈശിഷ്ട്യം.''

''നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യാ' (N.C.C.I) യുടെ പ്രസിഡന്റ് ജോസഫ് മാർ ഐറേനിയോസ് എപ്പിസ്കോപ്പാ മുഖ്യപ്രഭാഷണം നടത്തി. എൻ.സി.സി.ഐ.യിലെ 27 അംഗത്വ സഭകളുടെ ആശംസകൾ നേർന്നുകൊണ്ടാണ് ഹൃദ്യമായ അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചത്. 1995 ഐക്യരാഷ്ട്ര സഭ 'The year of Tolerance' സഹനത്തിന്റെ വർഷം ആയി ആചരിക്കുന്നത് നമ്മുടെ ചിന്താവിഷയമായ 'അനുരജ്ഞനത്തിന്റെ ശുശ്രൂഷ'യുമായി ബന്ധമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'നിങ്ങൾ ആരാണ്, എന്താണ്? നിങ്ങൾ എവിടെയാണ്? നിങ്ങൾ എവിടെ ആയിരിക്കേണ്ടതാണ്? എന്നീ ചോദ്യങ്ങൾക്കുത്തരം കാലിത്തൊഴുത്തിലെ യേശുവാണെന്ന്'' അദ്ദേഹം പ്രസ്താവിച്ചു. 'മനുഷ്യന്റെ ദൈവവുമായുള്ള ബന്ധത്തിലും മനുഷ്യരുമായുള്ള ബന്ധത്തിലും ചുറ്റുപാടുകളുമായുള്ള ബന്ധത്തിലും തകർച്ച നേരിട്ടതിന്റെ പ്രതിഫലനം എവിടെയും കാണാം. ദൈവം ഏദൻ തോട്ടത്തിൽ ആദിമമാതാപിതാക്കൾക്കു കൊടുത്ത അവകാശങ്ങളിലെ 'ആധിപത്യം' എന്ന

വാക്ക് നമ്മെ കുഴപ്പത്തിലാക്കുന്നു. തെററായി മനസ്സിലാക്കുന്നു. വ്യാഖ്യാനിക്കുന്നു. സൃഷ്ടാവിന്റെ സാദൃശ്യത്തിൽ നിന്ന് സൃഷ്ടിയുടെ സാദൃശ്യത്തിലേക്ക് വന്നതാണ് പാപം. തിരിച്ചു പോകുന്നതാണ് അനുരഞ്ജനം. ദൈവവുമായുള്ള ബന്ധം തകർന്നാൽ വ്യക്തി ബന്ധങ്ങളിലും തകർച്ചവരും. പാപത്തിനുമുമ്പ് പ്രപഞ്ചവുമായുണ്ടായിരുന്ന നല്ല ബന്ധം(Good Communication with nature) പാപത്തിനുശേഷം നഷ്ടപ്പെട്ടു. അത് നാം വീണ്ടെടുക്കണം. സർവ്വ സൃഷ്ടിയും ദൈവത്തെ കുമ്പിട്ടു നമസ്കരിക്കുന്നു വെന്ന പ്രാർത്ഥന നമ്മുടെ തക്സായിലുണ്ട്. ഇന്ന് സമയം ചുരുക്കാൻ ആ പ്രാർത്ഥന വിട്ടുകളഞ്ഞിരിക്കുന്നു.'' തിരുമേനി തുടർന്നു. ''പരിശുദ്ധാത്മാവ് ശക്തിയല്ല വ്യക്തിയാണ്. മാങ്ങാനം ആശ്രമത്തിലെ സാധുമത്തായിച്ചനോട് ഒരു പ്രൊട്ടസ്ററൻറുകാരൻ ചോദിച്ചു. മത്തായിച്ചന് പരിശുദ്ധാത്മാവുണ്ടോ? രക്ഷിക്കപ്പെട്ടിട്ടുണ്ടോ?'' അൽപ്പം മൗനത്തിനുശേഷം സാധുമത്തായിച്ചൻ ഉത്തരം പറഞ്ഞു. 'ഇത്ര വികലമായ ഒരു ചോദ്യം ചോദിച്ചിട്ടും എനിക്ക് ഇത്രയും സമനിലയോടിരിക്കാൻ കഴിഞ്ഞതു തന്നെ പരിശുദ്ധാത്മാവ് എന്നിലുണ്ടെന്നുതിന്റെ തെളിവാണ്, രക്ഷിക്കപ്പെട്ടതിന്റെ തെളിവാണ്' പങ്കിടലിന്റെ അനുഭവമാണ് അനുരഞ്ജനം. അല്ലാതെ മേൽക്കോയ്മ സ്വീകരിക്കലല്ല. അനുബന്ധമായി എന്തെങ്കിലും സ്വീകരിക്കുന്നതുമല്ല. തകർന്ന ബന്ധം പുനഃസ്ഥാപിക്കാൻ നഷ്ടം സഹിക്കുന്നതാണ് അനുരഞ്ജനം അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തിതരട്ടെ' എന്ന് പറഞ്ഞ് തിരുമേനി മുഖ്യ പ്രഭാഷണം നിർത്തി.

''നീ എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും ഇവരെ അയക്കുന്നു.'' എന്ന കർത്താവിന്റെ കൽപ്പനയനുസരിച്ച് നാം തെരഞ്ഞെടുക്കപ്പെട്ടവരാണെന്നുള്ള ബോധം വൈദികർക്കുണ്ടാകണമെന്നും വൈദികരുടെ പ്രവർത്തനം വിജയിക്കണമെങ്കിൽ അവർ ആദ്യം വിശുദ്ധീകരിക്കപ്പെടണമെന്നും ചടങ്ങിൽ ആശംസാ പ്രസംഗം നടത്തിയ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് അഭിപ്രായപ്പെട്ടു.

വൈദിക സംഘത്തിന്റെ രൂപീകരണ ചരിത്രം വിവരിച്ചുകൊണ്ട് ഫീലിപ്പോസ് മാർ യൗസേബിയോസും ആശംസാ പ്രസംഗം നടത്തി. 1977 ൽ മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്ത് താനും പണിക്കരച്ചനും (സിറിൽ റമ്പാൻ) ഒക്കെ ചേർന്ന് സംഘടിപ്പിച്ച വൈദികയോഗത്തിൽ മുന്നൂറിൽപ്പരം വൈദികരുണ്ടായിരുന്നു. അന്ന് പാരലൽ കോളേജിൽ നടന്ന ആദ്യയോഗത്തിന്റെ തുടർച്ചയാണ് ഇന്ന് പരുമല ഓഡിറേററിയത്തിൽ നടക്കുന്ന വിപുലമായ സമ്മേളനം.



വൈദിക സംഘം പ്രസിദ്ധീകരിക്കുന്ന 'പുരോഹിതൻ' മാസികയെയും അദ്ദേഹം ശ്ലാഘിച്ചു.

''ഇന്നത്തെ ആത്മീയ അപചയത്തിൽ നിന്ന് സഭയെ രക്ഷിക്കേണ്ട ചുമതല വൈദികർക്കുള്ളതാണെന്ന് തുടർന്ന് ആശംസാ പ്രസംഗം നടത്തിയ വൈദിക ട്രസ്ററി ഫാ. മത്തായി നൂറനാൽ ചൂണ്ടിക്കാട്ടി. പാമ്പാടി കെ. ജി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. ടൈററസ് വർക്കിയും ആശംസാ പ്രസംഗം നടത്തി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ സ്വാഗതവും വൈദിക സംഘം ജോയിൻറ് സെക്രട്ടറി ഫാ ഡോ. ജോൺ മാത്യൂസ് കൃതജ്ഞതയും പറഞ്ഞു. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, വെരി റവ. തെയോഫോറസ് റമ്പാൻ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. ഉച്ചയ്ക്ക് 1.30 ന് ഉദ്ഘാടന സമ്മേളനം അവസാനിച്ചു.

ഉച്ച നമസ്കാരത്തിനും ഭക്ഷണത്തിനും വിശ്രമത്തിനും ശേഷം 'ചോദ്യോത്തോരവേള' ആയിരുന്നു. അംഗങ്ങൾ നേരത്തേ എഴുതി അയച്ചിരുന്ന ചോദ്യങ്ങൾക്ക് ഫാ. ററി. ജെ. ജോഷ്വാ മറുപടി പറഞ്ഞു. പ. ബാവാ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. കൂദാശകളുടെ ഏകീകരണം, ആരാധനയുടെ സമയക്രമീകരണം, നോമ്പിലെ കുർബാന കരിസ്മാററിക് ഗ്രൂപ്പുകൾ ആത്മഹത്യ ചെയ്തവരുടെ ശവസംസ്കാരം നോമ്പിലെ വിവാഹം തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉണ്ടായിരുന്നു.

ചായയ്ക്കുശേഷം 4.30 ന് കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയമായ 'അനുരഞ്ജനത്തിന്റെ ശുശ്രൂഷ നിങ്ങളെ ഭരമേൽപ്പിച്ചിരുന്നു.' (2 കോരി. 5:18) എന്നതിനെക്കുറിച്ച് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വിഷയാവതരണ പ്രസംഗ നടത്തി. സമൂഹത്തിന്റെ നാനാമേഖലകളിൽ നടക്കുന്ന അനുരഞ്ജന ശ്രമങ്ങളെപ്പററിയുള്ള പത്രവാർത്തകൾ നിരത്തിക്കൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. 'അനുരഞ്ജനം ഏററവും ആവശ്യമായിരുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നതെന്നും ഇന്ന് ഏററവും പ്രയാസമായിരിക്കുന്നതും അനുരഞ്ജന മനോഭാവമാണെ'ന്നും മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി. ത്രിയേക ദൈവം എല്ലാവർക്കും ദൈവം, ഹിന്ദുവിനും മുസൽമാനും എന്നു തുടങ്ങുന്ന പാട്ട് തിരുമേനി ചൊല്ലിയത് വൈദികർ ഏററുപാടി.

വൈകിട്ട് 6 മണിയായപ്പോഴേക്കും പരുമല ദേവാലയത്തിൽ സന്ധ്യാനമസ്കാരം നടത്തി. അതിനെത്തുടർന്ന് അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ചിന്തോദ്ദീപ

കമായ ധ്യാനപ്രസംഗം നടത്തി. 'ധ്യാനത്തിൽ നാം മൗനമായിരിക്കുന്നു. ദൈവം നമ്മോടു സംസാരിക്കുന്നു.' 'എന്റെ സാന്നിധ്യം നിന്നോടു കൂടെ പോരും' (പുറപ്പാട് 33:14) ഇവിടെ സംസാരിക്കുന്നത് ദൈവം. കേൾക്കുന്നത് മോശ: അനുഭവം ഉണ്ടാകുന്നത് ജനത്തിന്. ദൈവ സാന്നിധ്യമുള്ള ജനം ഇതര സമൂഹങ്ങളേക്കാൾ ശ്രേഷ്ഠമാണ്. 'മോശ ദൈവം ഇരുന്ന ഇരുളിലേക്ക് കടന്നു ചെന്നു. (പുറ. 20:21) ദൈവം പ്രകാശത്തിൽ വസിക്കുന്നു. എന്നാൽ ഇരുളിന്റെ നിഴലുകളിൽ കൂടി വേണം പ്രകാശത്തിലേക്കു കടന്നു ചെല്ലാൻ '.'പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ എന്നു പറഞ്ഞാൽ പരീക്ഷ ഉണ്ടാവരുതെന്നല്ല അർത്ഥം, അതിനെ അതിജീവിക്കാൻ കഴിവു നൽകേണമേ എന്നാണ്. യേശു പടകിലുണ്ടായാലും കാററടിക്കും. ഒലിവുമലയിലെ സ്വർഗ്ഗാരോഹണം നടക്കണമെങ്കിൽ കാൽവറിമലയിൽ ആദ്യം കയറണം. 'ധ്യാന പ്രസംഗത്തിനു ശേഷം ഭക്ഷണവും വിശ്രമവുമായിരുന്നു. തുടർന്ന് 9 മണിമുതൽ വൈദികർ 8 ഗ്രൂപ്പുകളായി തിരിഞ്ഞ് സജീവമായ ഗ്രൂപ്പുചർച്ചകളിൽ പങ്കുകൊണ്ടു. 'അനുരഞ്ജനം വ്യക്തിതലത്തിൽ', 'കുടുംബതലത്തിൽ അനുരഞ്ജനം', 'ഇതര സഭകളുമായുള്ള അനുരഞ്ജനം', 'അനുരഞ്ജന. പ്രാപഞ്ചികതലത്തിൽ', 'സാമൂഹിക സാമ്പത്തിക അനുരഞ്ജനം.', 'ഇതര മതങ്ങളുമായുള്ള അനുരഞ്ജനം, 'അനുരഞ്ജനം സഭയ്ക്കുള്ളിൽ', 'പുതിയ ആത്മീയ പ്രതിഭാസങ്ങളുടെ പശ്ചാത്തലത്തിൽ അനുരഞ്ജനം' എന്നിവയായിരുന്നു ചർച്ച ചെയ്ത വിഷയങ്ങൾ.

ഇവയ്ക്ക് യഥാക്രമം ഫാ. ജോർജ് പുലിക്കോട്ടിൽ, പ്രൊഫ. ഫാ എ. ഡാനിയേൽ, അഭി. ഡോക്ടർ മാത്യൂസ് മാർ സേവേറിയോസ്, ഫാ ഡോ. കെ. ജെ. ഗബ്രിയേൽ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഡോ. ററി. ഐ. വർഗീസ്, ഫാ. സി. സി. ചെറിയാൻ, ഫാ കുര്യൻ ദാനിയേൽ എന്നിവർ നേതൃത്വം നൽകി. ചർച്ചകൾ പതിവിലേറെ സജീവമായിരുന്നു. എന്നത് ഒരു സവിശേഷതയാണ്. സമയം തികഞ്ഞില്ലെന്ന് പലരും പരാതിപ്പെട്ടു.

മെയ് 30 ചൊവ്വ ഉദയഗിരി ചുവക്കും മുമ്പുതന്നെ പരുമലയുടെ പ്രശാന്തതയിൽ രാത്രി പ്രാർത്ഥനയും പ്രഭാത പ്രാർത്ഥനയും തുടങ്ങി. 7.30 ന് സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ററി. ജെ. ജോഷ്വാ 'അനുരഞ്ജനം പൗലോസിന്റെ വീക്ഷണത്തിൽ' എന്ന വിഷയത്തെക്കുറിച്ച് വിജ്ഞാനപ്രദമായ ബൈബിൾ ക്ലാസ് എടുത്തു. കൊലോ. 1:20-22, 2 കോരി. 5:18-20, റോമർ 5:10,11, എഫെ. 2:16 എന്നീ 4 ഭാഗങ്ങളെടുത്താണ് അച്ചൻ പ്രധാനമായും ക്ലാസ്



വികസിപ്പിച്ചത്. 'മനുഷ്യൻ ദൈവത്തോടു നിരപ്പാകുന്നതിനേക്കാൾ, ദൈവം മനുഷ്യനോടു നിരപ്പായി' എന്ന ആശയം ക്രിസ്തീയ മതത്തിൽ മാത്രമേ ഉള്ളൂവെന്ന അദ്ദേഹത്തിന്റെ വിശകലനം ഏവരുടെയും ശ്രദ്ധയാകർഷിച്ചു. കുർബ്ബാനയുടെ പശ്ചാത്തലത്തിൽ അനുരഞ്ജനത്തിന്റെ പ്രാധാന്യവും കൗൺസലിംഗിന് ഇന്നുള്ള പ്രസക്തിയും അച്ചൻ എടുത്തുപറഞ്ഞു.

പ്രഭാത ഭക്ഷണത്തിനു ശേഷം നടന്ന പ്രഭാഷണം നടത്തിയത് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ റവ. ഫാ. ഡോ. കെ. എം. ജോർജായിരുന്നു 'പ്രാപഞ്ചികതലത്തിലുള്ള അനുരഞ്ജനം' എന്നതായിരുന്നു വിഷയം. ദൈവ സൃഷ്ടിയെക്കുറിച്ച് പുതിയ അവബോധം ഉണ്ടാക്കുന്നതായിരുന്നു പുതുമ നിറഞ്ഞ പ്രസ്തുത പ്രഭാഷണം.' 'മനുഷ്യന് സ്വന്തമായി നിലനിൽപ്പില്ല. പ്രകൃതിയെ ആശ്രയിക്കാതെ മനുഷ്യന് ജീവിക്കാനാവില്ല. പ്രകൃതിയുമായും ദൈവവുമായും പൂർണ സൗഹൃദമായിരുന്നു ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്നത്. ജലപ്രളയത്തിനു ശേഷമാണ് മനുഷ്യനും മൃഗങ്ങളും പരസ്പരം ഭയപ്പാടോടെ കഴിഞ്ഞുകൂടാൻ തുടങ്ങിയത്. മനുഷ്യൻ അക്രമവാസന പ്രകടിപ്പിച്ചപ്പോൾ മൃഗങ്ങളും അതാരംഭിച്ചു. പറുദീസയിൽ എല്ലാം ഇണങ്ങിക്കഴിഞ്ഞിരുന്നു. പ്രകൃതിയോടുള്ള അനുരഞ്ജനം സാധ്യമായാൽ സ്വാഭാവികമായി തന്നെ മനുഷ്യനോടും സാധ്യമാകും. ഇതൊരു ഉൾക്കാഴ്ചയാണ്. ദൈവത്തിന്റെ സ്വരൂപം നാം ജനിക്കുമ്പോഴുള്ളതാണ്. ദൈവസാദൃശ്യത്തിലേക്ക് നാം വരണം. അപ്പോഴേ 'ഇമേജ്' പൂർണ്ണമാകു. അഭി. യൗസേബിയോസ് മെത്രാപ്പോലീത്താ സ്വാഗതവും വെരി. റവ. പൗലോസ് റമ്പാൻ കൃതജ്ഞതയും രേഖപ്പെടുത്തി.

ചെറിയ ഒരിടവേളയ്ക്കു ശേഷം 'ഇതര മതങ്ങളുമായുള്ള അനുരഞ്ജനം 'എന്ന വിഷയത്തെക്കുറിച്ച് വൈദിക സെമിനാരി പ്രൊഫസർ ഫാ. ഡോ. ജേക്കബ് കുര്യൻ പ്രഭാഷണം നടത്തി. അനുരഞ്ജനം എല്ലാ മതങ്ങളുടെയും പഠിപ്പിക്കലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 16-ാം നൂററാണ്ടുവരെ ഒററ സഭയായിരുന്ന ക്രൈസ്തവർ ഭാരതത്തിലെ മററു മതങ്ങളുമായി ന സൗഹാർദ്ദത്തിലായിരുന്നു കഴിഞ്ഞിരുന്നതെന്നും 1599 ലെ ഉദയം പേരൂർ സുന്നഹദോസിന്റെ മറെറാരു പതിപ്പായിരുന്നു 1876 ലെ മുളന്തുരുത്തി സുന്നഹദോസെന്നും അനുരഞ്ജനത്തിന്റെ ചരിത്രപരമായ പശ്ചാത്തലം വിവരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു 'യഥാർത്ഥ അനുരഞ്ജനം പുതുക്കത്തിലേക്കു നയിക്കുന്നതായിരിക്കണം. അനുരഞ്ജനം സന്തുലിതമായിരിക്കണം. അത് ആപേക്ഷികമാണ് പുനർ വ്യാഖ്യാനങ്ങളെ ശ്രദ്ധി

ക്കുന്നതാണ് തിരുത്തലുകൾക്ക് സന്നദ്ധമാകുന്നതാണ്. അനുരഞ്ജനം വ്യത്യസ്തകളെ ബഹുമാനിക്കുന്നതാണ്'' എന്നിങ്ങനെ വിവിധ വശങ്ങൾ വിശകലനം ചെയ്യുന്നതായിരുന്നു പ്രൗഢഗംഭീരമായ ആ പ്രഭാഷണം.

തുടർന്ന് ഉച്ചനമസ്കാരം, ഭക്ഷണം, വിശ്രമം എന്നിവയ്ക്കുശേഷം 2 30 മുതൽ വീണ്ടും ഗ്രൂപ്പുചർച്ചകൾ നടന്നു. 4 മണിക്ക് ചായക്ക് ശേഷം നടന്ന 'സംഗീത പഠനത്തെ'ക്കുറിച്ചുള്ള ക്ലാസ് നയിച്ചത് 'ശ്രുതി' സ്കൂൾ ഡയറക്ടർ ഫാ. എം. പി. ജോർജായിരുന്നു. എല്ലാവരെയും വളരെയധികം ആകർഷിച്ച ആ ക്ലാസ് സുറിയാനി പാരമ്പര്യത്തിലെ ആരാധനാ സംഗീതത്തിന്റെ ഉൽഭവവും വളർച്ചയും വികാസവും ഇന്നത്തെ അവസ്ഥയും പ്രതിപാദിക്കുന്നതായിരുന്നു. പ്രതിനിധികളുടെ ആവശ്യ പ്രകാരം അച്ചൻ പാട്ടു പാടി എല്ലാവരേയും ആനന്ദ സാഗരത്തിലാറാടിച്ചു.

സന്ധ്യാനമസ്കാരത്തെ തുടർന്ന് അഭി. യാക്കോബ് മാർ ഐറേനിയോസ് എപ്പിസ്കോപ്പാ ധ്യാന പ്രസംഗം നടത്തി. 'വണ്ടി പാളം തെററിയാൽ അടുത്തുനിൽക്കുന്ന നിരപരാധിക്കും അപകടം പററുന്നതുപോലെ ആചാരങ്ങൾ ആചരിക്കുന്ന ആചാര്യൻ തെററിയാൽ ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തുടർന്ന് വൈദികരുടെ കുമ്പസാരം നടന്നു. ഭക്ഷണത്തിനു ശേഷം രണ്ടു ദിവസങ്ങളിലായി നടന്ന വിവിധ ഗ്രൂപ്പു ചർച്ചകളുടെ ഫലാവതരണം നടന്നു.

സമാപന ദിവസമായ ബുധനാഴ്ച രാവിലെ പ. കാതോലിക്കാ ബാവാ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് 10 മണിക്ക് നടന്ന സമാപന സമ്മേളനത്തിലും ബാവാ അധ്യക്ഷതവഹിച്ചു. 'യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമാണ് പുരോഹിതൻ. പ്രാർത്ഥനയും ഉപവാസവും കൊണ്ട് സമൂഹമധ്യത്തിൽ നാം ചിത്രം വരയ്ക്കണം. നന്നായി ജീവിക്കുന്നവനേ നന്നായി പ്രാർത്ഥിക്കാനും നന്നായി പ്രാർത്ഥിക്കുന്നവനേ നന്നായി ജീവിക്കാനുമാകും' എന്നും പ. ബാവാ പറഞ്ഞു.

'സഭയിൽ അത്മായക്കാർക്കും സ്ഥാനമുണ്ടെങ്കിലും സഭയുടെ ഭാവി വൈദികരുടെ കരങ്ങളിലാണെ'ന്ന് ചടങ്ങിൽ സമാപന സന്ദേശം നൽകിയ സഭാ സെക്രട്ടറി, എം. കെ. തോമസ് പ്രസ്താവിച്ചു. 1996 സഭ 'വൈദിക വർഷ'മായി ആചരിക്കുമെന്നുള്ള തീരുമാനവും അദ്ദേഹം സമ്മേളനത്തിൽ അറിയിച്ചു.

മൂന്ന് ദിവസങ്ങളിലായി അരങ്ങേറിയ വൈദിക സമ്മേളനത്തെ വിലയിരുത്തിക്കൊണ്ട് ഫീലിപ്പോസ് മാർ യൗസേബിയോസ്, സഖറിയാ മാർ അന്തോനിയോസ് എന്നിവർ പ്രസംഗി



## അഞ്ചാം നൂററാണ്ടിലെ പിതാക്കന്മാർ (തുടർച്ച)

### ഫാ. ഗീവറുഗീസ് ജോൺ. കുരമ്പാല

10 അലക്സന്ത്രിയാക്കാരൻ
മാർ തീമോത്തിയോസ്

സുകൃതചര്യകളിൽ പ്രശസ്തനും, തുടർച്ചയായ നോമ്പിലും പ്രാർത്ഥനയിലും മനസ്സു വച്ചു ജീവിച്ചവനും പണ്ഡിതനും ഗ്രന്ഥകർത്താവുമായിരുന്ന ഇദ്ദേഹം ദീയസ്കോറോസിനുശേഷം അലക്സന്ത്രിയാ പാത്രിയർക്കീസ് ആയിത്തീർന്നു (AD 457) സത്യവിശ്വാസത്തിന്റെ നിലനിൽപിനുവേണ്ടി വളരെ ത്യാഗങ്ങൾ സഹിച്ച ഈ പിതാവ് അന്യായക്കാരായ ന്യായാധിപൻമാരാൽ സിംഹ

---

ച്ചു. പ്രതിനിധികളിൽ നിന്ന് ഫാ. എബ്രഹാം പൂവത്തുംമൂട്ടിൽ ഫാ. ഐസക് കുണ്ടറ എന്നിവരും കോൺഫറൻസിനെ വിലയിരുത്തിക്കൊണ്ട് സംസാരിച്ചു. അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി സ്വാഗതമാശംസിച്ചു. ജനറൽ സെക്രട്ടറി ഫാ. ജോൺസ് എബ്രഹാം കോനാട്ട് റിപ്പോർട്ട് അവതരിപ്പിക്കുകയും എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

പരുമലയിലെ ത്രൈവാർഷിക കോൺഫറൻസ് പുതിയൊരു ജീവിത പന്ഥാവിന് മാർഗ്ഗദീപം തെളിച്ചതായി പല പ്രതിനിധികളും അഭിപ്രായപ്പെട്ടു. ഭംഗിയായും ചിട്ടയായും സമ്മേളനം ക്രമീകരിച്ച ജനറൽ സെക്രട്ടറിയച്ചൻ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപററി. ആദ്യവസാനം നിലനിന്ന അച്ചടക്കവും ഗ്രൂപ്പ് ചർച്ചകളിലെ സജീവത്വവും കോൺഫറൻസിന്റെ വിജയത്തിന്റെ ചില ഘടകങ്ങൾ മാത്രം. കോൺഫറൻസിന്റെ വിജയത്തിനു വേണ്ടി രാപകൽ ഭേദമില്ലാതെ അത്യദ്ധ്വാനം ചെയ്ത ഒരു പററം സെമിനാരി വിദ്യാർത്ഥികളുടെ നിസ്വാർത്ഥ സേവനം വിലമതിക്കാവുന്നതല്ല. വൈദികസംഘം പ്രസിഡന്റ് അഭി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കോൺഫറൻസിന് എത്താതിരുന്നത് ഒരു പോരായ്മയായി പലരും ചൂണ്ടിക്കാട്ടി.

ആദിത്യൻ കിരണങ്ങളുടെ ചൂടിന് ആക്കം കൂട്ടിയപ്പോൾ ഉച്ചഭക്ഷണത്തിനു ശേഷം അനുരഞ്ജനത്തിന്റെ ആത്മാവുമായി വൈദികർ പരുമലയുടെ പടികളിറങ്ങി. മൂന്നു വർഷത്തിനുശേഷം വീണ്ടും കൂടാമെന്ന പ്രതീക്ഷയോടെ. ※

നത്തിൽ നിന്ന് അകപ്പെടുകയും AD 477-ൽ നാഥങ്കലേക്ക് വാങ്ങിപ്പോകുകയും ചെയ്തു.

## 11 മാബൂഗിലെ മാർ പീലക്സീനോസ്

അഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഇറാക്കിൽ ജനിച്ച ഈ പിതാവ് AD 475-ൽ മാബൂഗിലെ മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടു. സത്യവിശ്വാസത്തിനുവേണ്ടി ശക്തിയായി പോരാടിയ ഇദ്ദേഹം ജ്ഞാനിയും പ്രബന്ധകാരനും, മല്പാനും, വേദശാസ്ത്ര പണ്ഡിതനും വ്യാഖ്യാതാവും ആയിരുന്നു. ഇദ്ദേഹത്തിന്റേതായി അനേകം കൃതികളുണ്ട്. യുസ്തീനിയൻ കൈസറിന്റെ കാലത്ത് ജനലുകളും വാതിലുകളും അടയ്ക്കപ്പെട്ട ഒരു മുറിയിൽ ബന്ധനസ്ഥനാക്കി പുകയിട്ട് ശ്വാസം മുട്ടിച്ചു നിഗ്രഹിച്ചു. (AD 528).

## 12 കുസ്തന്തീനോസിലെ മാർ അന്തീമോസ്

AD 535-ൽ കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസായി വഴിക്കപ്പെട്ടു. കൽക്കദോനിയായിലെ ഇരുസ്വഭാവ ദുരുപദേശങ്ങളെ നിരസിച്ച് സഭയെ സത്യവിശ്വാസത്തിൽ നടത്തിയ പരിശുദ്ധനായ ഓക്സന്തിയോസിന്റെ ശിഷ്യനായിരുന്ന മാർ അന്തീമോസ് സഭയുടെ ആരാധനകളിലെ 'എക്ബാകം' പലതും എഴുതിയ പിതാവ് ആണ്. സന്യാസിയാകുന്നതിനു മുമ്പ് തോറോഡോറാ ചക്രവർത്തിനിയുടെ കൊട്ടാരത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. ആയതിനാൽ ചക്രവർത്തിനിയിൽ നിന്ന് ലഭിച്ച ആനുകൂല്യങ്ങൾകൊണ്ട് സഭയ്ക്ക് പല നേട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

## 13 സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്

AD 344-ൽ അന്ത്യോഖ്യയിൽ ജനിച്ചു. അന്ത്യോഖ്യയിലെ മിലേത്തൂസിന്റെ അടുക്കൽ ക്രൈസ്തവ വിശ്വാസം പഠിച്ച് മാമോദീസാ സ്വീകരിച്ചു. AD 385-ൽ ശെമ്മാശപ്പട്ടവും, കശ്ശീശാ പട്ടവും ഏററശേഷം അന്ത്യോഖ്യായിലെ ക്രൈസ്തവ സഭയുടെ അവിശ്വാസത്തിനും ദുർമാർഗങ്ങൾക്കുമെതിരായി പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചു അനീതിക്കെതിരെ വാചാലമായി ശബ്ദിച്ചതിനാൽ സ്വർണനാവുകാരൻ എന്ന പേരു ലഭിച്ചു. വേദപണ്ഡിതനായിരുന്ന ഇദ്ദേഹം ഉല്പത്തി പുസ്തകം, വി. മത്തായിയുടെയും വി. യോഹന്നാന്റെയും സുവിശേഷങ്ങൾ, വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി വേദവ്യാഖ്യാനങ്ങൾ നടത്തിയിട്ടുണ്ട്. AD 398 ൽ കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസായി വാഴിക്കപ്പെട്ട ഇദ്ദേഹം AD 407-ൽ നാഥങ്കലേക്ക് വാങ്ങിപ്പോയി.



## 14 അലക്സന്ത്രിയായിലെ മാർ കൂറിലോസ്

നെസ്തോറിയൻ അബദ്ധോപദേശത്തിനെതിരെ സമർത്ഥമായി പോരാടിയ വ്യക്തിയാണ് അലക്സന്ത്രിയായിലെ മാർ കൂറിലോസ്. നൈത്രിയാ മരുഭൂമിയിലെ ഒരു ദയറായിൽ അധികാലം കഴിച്ചുകൂട്ടിയ ഇദ്ദേഹം AD 429-ൽ അലക്സന്ത്രയാ പാത്രിയർക്കീസ് ആയി ഉയർത്തപ്പെട്ടു. യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള സഭാ വിശ്വാസം ശരിയായി പഠിപ്പിച്ച ഈ പിതാവ് എപ്പേസൂസ് സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്നു. കർത്താവേശു മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും, സത്യവാനും ഉന്നത ഗോപുരവുമായ ഈ പിതാവ് AD 444-ൽ ഇഹലോകവാസം വെടിഞ്ഞു.

## 15 അന്ത്യോഖ്യായുടെ മാർ സേവേറിയോസ്

സുറിയാനി സംഗീതത്തിന് അവിസ്മരണീയനായ പിതാവാണ് മാർ സേവേറിയോസ് AD 512 മുതൽ 518 വരെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്ന ഈ പിതാവിന്റെ എഴുത്തുകളാണ് ഇദ്ദേഹത്തെ സുറിയാനിക്കാരുടെ മുൻനിരയിലേക്ക് ഉയർത്തിയത്. AD 459-ൽ ജനിച്ചു. സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധസഭ മുഴുവന്റെയും വിവേകമുള്ള വായും, തൂണും, മല്പാനും, സംശയം കൂടാതെ മറിയാം ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഈ പിതാവ് സത്യവിശ്വാസത്തിനു വേണ്ടി പീഡനങ്ങളും പ്രയാസങ്ങളും സഹിച്ചു. AD 518 ൽ യുസ്തീനോസ് രാജാവിന്റെ കല്പനയാൽ ഈജിപ്തിലേക്ക് നാടുകടത്തപ്പെട്ടു. AD 538-ൽ ഇഹലോകവാസം വെടിഞ്ഞു.

## 16 മാർ യാക്കോബ് ബുർദാന

തെയോഫീൽ എന്ന സുറിയാനിപ്പട്ടക്കാരന്റെ മകനായി ജനിച്ച ഇദ്ദേഹം നേർച്ച പുത്രനായിരുന്നു. ദൈവികജ്ഞാനത്തിൽ ചെറുപ്പത്തിൽ തന്നെ ഉന്നത പദവി കരസ്ഥമാക്കിയിരുന്ന ഇദ്ദേഹത്തിന് സഭാ സംബന്ധമായ കാര്യങ്ങളിൽ നല്ല അറിവ് ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ പരിപാവനമായ ജീവിതം പ്രസിദ്ധമാണ്. തുണിത്തുണ്ടുകൾ തുന്നിച്ചേർത്ത കട്ടിയുള്ള തടിയൻ വസ്ത്രമാണ് ഇദ്ദേഹം ധരിച്ചിരുന്നത്. അതുകൊണ്ടാണ് 'കീറത്തുണി ഉടുത്തവൻ' എന്നർത്ഥമുള്ള 'ബുർദാന' എന്ന പേര് ഇദ്ദേഹത്തിന് ലഭിച്ചത്. ഉറഹായിലെ എപ്പിസ്കോപ്പ ആയിരുന്ന ഇദ്ദേഹം 102027 കശീശന്മാർക്കും 20 എപ്പിസ്കോപ്പാമാർക്കും പട്ടം നൽകിയിട്ടുണ്ട്. സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ ഈ പിതാവ് AD 578-ൽ നാഥങ്കലേക്ക് വാങ്ങിപ്പോയി.

(തുടരും)

ഈ സ്ത്രീ സകല ജാതികളേയും ഇരുമ്പുകോൽ കൊണ്ട് മേയ്പ്പാനുള്ള ഒരാൺകുട്ടിയെ പ്രസവിച്ചുവെന്നതും ചിത്രീകരണത്തിന്റെ ഭാഗമാണ്. പക്ഷെ റോമാ സഭ എന്തുചെയ്തുവെന്ന് നോക്കാം. ഒരു ചെറിയ സൂത്രം പ്രയോഗിച്ചു. അത്രമാത്രം (വളരെയെളുപ്പമൊന്നും അതു ശ്രദ്ധയിൽപ്പെടുകയുമില്ല.) കുട്ടിയുടെ കൈയിൽ ഉണ്ടായിരിക്കേണ്ടതായ ഇരുമ്പു കോൽ (ദണ്ഡ്) അവന്റെ കയ്യിൽ നിന്നും വാങ്ങി അമ്മയുടെ കയ്യിൽ കൊടുത്തു. അങ്ങനെ അധികാരം അമ്മയ്ക്കായി. (ദണ്ഡ് അധികാരത്തെ സൂചിപ്പിക്കുന്നതാണല്ലൊ.)

ഈ വ്യാജ ചിത്രീകരണമാണ് വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപ നിർമ്മാണത്തിനടിസ്ഥാനം. അതെത്രമാത്രം വേദാനുസൃതമാണെന്ന് നാം കണ്ടു കഴിഞ്ഞു. വേദപുസ്തകത്തിലൊരിടത്തുള്ള ഒരു ചിത്രീകരണത്തിൽ വ്യാജം പ്രയോഗിച്ച് ശിശുവിന്റെ കയ്യിലെ ചെങ്കോൽ വാങ്ങി അമ്മയുടെ കയ്യിൽ കൊടുത്ത് ആ ചിത്രീകരണത്തെ ദൈവമാതാവിന്റേതെന്ന് പഠിപ്പിച്ച് ജനത്തെവഞ്ചിക്കുന്നത് എത്രയൊ ഭയങ്കരമായ ദൈവിക ശിക്ഷയെത്തന്നെ വിളിച്ചുവരുത്തുകയില്ല.

മുകളിൽ കാണിച്ചിരിക്കുന്ന രണ്ടുകാഴ്ചപ്പാടുകളും ധ്രുവാന്തരത്വമുള്ള രണ്ടു പാരമ്പര്യങ്ങളിൽ നിന്നുണ്ടായിട്ടുള്ളവയാണ്. മറിയാമിനോടുള്ള അന്ധമായ നീരസവും നിരാസവും ഒരിടത്താണെങ്കിൽ മറിയാമിനെ ദൈവത്തെക്കാൾ വലുതാക്കികാണിക്കുന്ന പ്രവണത മറ്റേടത്തുണ്ട്. ഈ രണ്ട് കാഴ്ചപ്പാടുകളും (നിലപാടുകളും) ക്രിസ്തീയ വിശ്വാസത്തിന് വിരുദ്ധവും അന്യവുമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഇവരണ്ടിനെയും പിന്തുടരുന്നവർക്ക് കഴിയുന്നില്ല എന്നതല്ലെ സത്യം?

ഈ വ്യത്യസ്ഥ പാരമ്പര്യങ്ങളും കാഴ്ചപ്പാടുകളും വിശ്വാസികളിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതുകൊണ്ട് അവയെ വേദപുസ്തക വെളിച്ചത്തിൽ പരിശോധിച്ച് വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണല്ലൊ. സ്ഥല പരിമിതി നിമിത്തം ഇവിടെ അതിന് ഒരുമ്പെടുന്നില്ലെങ്കിലും മറിയാമിനെക്കുറിച്ച് വേദപുസ്തകത്തിൽ നിന്ന് എന്ത് മനസ്സിലാക്കാമെന്നും ഓർത്തഡോക്സ് സഭകളുടെ നിലപാടെന്തെന്നും ചുരുക്കമായി ചിലത് പ്രസ്താവിക്കുവാൻ മാത്രം ആഗ്രഹിക്കുന്നു.

## 1 മറിയാം-രണ്ടാമത്തെ ഹവ്വാ

ദൈവത്തോടുള്ള പൂർണ്ണമായ വിശ്വാസം അനുസരണം എന്നിവയിൽ ആദിമാതാവായ ഹവ്വ വീഴ്ചക്കാരിയായി. മനുഷ്യരും ഭൂമിയും ശാപത്തിന് വിധേയരായെങ്കിൽ ദൂതന്റെ അറിയിപ്പിനു മുമ്പിൽ തന്നെത്താൻ പൂർണ്ണ



മായി സമർപ്പിച്ച മറിയാം തന്റെ വർഗ്ഗത്തിനു മുഴുവനും രക്ഷനൽകുന്നവന് ഭൂമിയിലേക്ക് വരുവാൻ മുഖാന്തരമായിത്തീർന്നു അനുഗ്രഹത്തിന് വഴിയൊരുക്കിയതിലൂടെ രണ്ടാമത്തെ ഹവ്വായായി. ഒന്നാമത്തെ ഹവ്വാ തന്റെ അനുസരണക്കേടിലൂടെ സ്ത്രീക്ക് പുരുഷനോടുള്ള തുല്യത നഷ്ടപ്പെടുത്തിയെങ്കിൽ രണ്ടാമത്തെ ഹവ്വാ പൂർണ്ണമായ അനുസരണം ഹേതുവായി സകല മനുഷ്യർക്കും മേലായി പ്രശംസിക്കപ്പെട്ട് സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ ദൈവസന്നിധിയിൽ പ്രാഗത്ഭ്യം നേടിക്കൊടുത്തു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ കന്യകമറിയാം വിമോചിത സ്ത്രീത്വത്തിന്റെ പ്രതീകമാണ്. ഒന്നാമത്തെ ഹവ്വാ പതിത മനുഷ്യത്വത്തിന്റെ മാതാവാണെങ്കിൽ രണ്ടാമത്തെ ഹവ്വാ പുതുമനുഷ്യത്വത്തിന്റെ മാതാവാണ്.

## 2 മറിയാമിന്റെ വിശ്വാസം

''കണ്ടാലും ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ'' എന്നീ വാക്കുകളിലൂടെ പ്രകാശിക്കുന്നത് മറിയാമിന്റെ വിശ്വാസമാണ്. ദൈവഹിതത്തിനുപരിയായി സ്വന്ത വ്യാമോഹങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നതിന്റെയും ദൈവത്തോടുള്ള മത്സരത്തിന്റെയും അന്ത്യവും അതോടൊപ്പം ദൈവത്തോട് മനുഷ്യനുണ്ടായിരിക്കേണ്ട പരിപൂർണ്ണമായ അനുസരണവുമത്രെ ഈ വിശ്വാസം പ്രദർശിപ്പിക്കുന്നത്.

ഗബ്രിയേൽ മാലാഖയുടെ അറിയിപ്പ് മറിയാമിന് ഒരു വെല്ലുവിളി തന്നെയായിരുന്നില്ലെ. ലോക പ്രകാരമുള്ള ദുഷ്കീർത്തിയും ന്യായപ്രമാണ പ്രകാരം കല്ലെറിഞ്ഞ് കൊല്ലപ്പെടുവാനുള്ള സാധ്യതയും ദൈവഹിതത്തിന് കീഴ്പെടുന്നതിനെതിരായുള്ള ഒരു പരീക്ഷ തന്നെയായിരുന്നു. എങ്കിലും സർവ്വശക്തനും തന്റെ സ്രഷ്ടാവുമായ ദൈവത്തെ അവൾ സമ്പൂർണ്ണമായി വിശ്വസിച്ചു. അവനിൽ നിന്നും ധൈര്യവും ബലവും ഉൾക്കൊണ്ടിട്ട് അവൾ ആ പരീക്ഷയിൽ ജയിച്ചു. സ്വന്ത പ്രാണനും, സൗഖ്യപൂർണ്ണമായ ജീവിതവും മാനവും സമൂഹത്തിന്റെ നിയമാവലിയുമെല്ലാം തന്നെ ദൈവേഷ്ടവുമായി താരതമ്യപ്പെടുത്തിയപ്പോൾ അവൾക്ക് നിസ്സാരങ്ങളായി തീർന്നു. ചുരുക്കിപ്പറഞ്ഞാൽ ഒന്നാമത്തെ ഹവ്വാ തോറ്റയിടത്ത് രണ്ടാമത്തെ ഹവ്വാ ജയിച്ചു. ഒന്നാമത്തെ ഹവ്വാ തന്റെ സ്വാതന്ത്ര്യം ദൈവഹിതത്തിന് വിപരീതമായി ഉപയോഗിച്ചപ്പോൾ രണ്ടാമത്തവൾ തന്റെ സ്വാതന്ത്ര്യം ദൈവഹിതത്തിന് അനുസൃതമായി ഉപയോഗിച്ചു ജീവിതത്തിൽ തനിയ്ക്ക് ഉള്ളതും ഉണ്ടാകുവാനിടയുള്ളതുമായ സകല സൗഭാഗ്യങ്ങളെക്കാളും ഉപരിയായി ദൈവഹിതത്തിന് മറിയം സ്ഥാനം നൽകി. അതെ! വിലയേറിയത് ഒന്നേ ഉണ്ടു മ

ത്രം. ദൈവഹിതം തന്നെ. എന്റെ ജീവിതത്തിൽ ദൈവേഷ്ടം. നിറവേറട്ടെ എന്ന ഒരേ ഒരു പ്രാർത്ഥനയോടെ അവരം സ്വയത്തെ പരിത്യജിച്ച് പൂർണ്ണസമർപ്പണം ചെയ്തു. ആക്കുവാനും അഴിക്കുവാനും കഴിവുള്ള സർവ്വശക്തനിൽ തന്നെത്തന്നെ പൂർണ്ണമായി ഭരമേല്പിക്കുന്ന ഈ പൂർണ്ണ വിശ്വാസം അത്രേ മറിയാമിന്റെ വിശ്വാസം.

വേദപുസ്തകം ആദിയോടന്തം പരിശോധിച്ചാലും സഭാചരിത്രം മുഴുവനും ചികഞ്ഞു നോക്കിയാലും വിശ്വാസം, സമർപ്പണം എന്നിവയിൽ മറിയാമിനോടു താരതമ്യപ്പെടുത്താവുന്ന ആരെയും കാണുവാൻ കഴിയുകയില്ല. അതുകൊണ്ട് വിശ്വാസികളുടെ, വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഒന്നാമതായിത്തന്നെ മറിയാമിനെ ഓർത്തു ബഹുമാനിക്കുന്നത് സർവഥാ യോഗ്യവും യുക്തി യുക്തവുമാണെന്ന് സ്പഷ്ടമാണല്ലൊ.

### 3 മറിയാം ദൈവമാതാവ്

സ്വയം സമർപ്പിച്ചുകൊണ്ടുള്ള വാക്കുകൾ മറിയാമിന്റെ വായ്മൊഴിഞ്ഞപ്പോൾ തന്നെ അതെ കാണപ്പെടുന്നവയും കാണപ്പെടാത്തതുമായ സകലത്തിന്റെയും സ്രഷ്ടാവും ഉടയവനുമായവനെ സൈന്യങ്ങളുടെ യഹോവയെ മറിയാം ഗർഭത്തിൽ ഉൾക്കൊണ്ടു.

ദൈവം മറിയാമിൽ നിന്നും തനിയ്ക്കായി ഒരു ശരീരത്തെ നിർമ്മിച്ചു. പൂർണ്ണമനുഷ്യത്വമുള്ളതെങ്കിലും പരിശുദ്ധാത്മശക്തിയിൽ ഉളവായതിനാൽ (പുരുഷസംബന്ധമില്ലാതെ) അത് ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതുമായ ഒന്നായിരുന്നു (എബ്രാ. 9:11) അങ്ങനെ സ്രഷ്ടാവായ ദൈവം മനുഷ്യനായപ്പോഴും സ്രഷ്ടാവുതന്നെയായിരുന്നു. സൃഷ്ടിയായിരുന്നില്ല.

ഭക്തനായ കവി അതേക്കുറിച്ച് പാടുന്നത് ഇപ്രകാരമാണ്:

''സീനായ്ഗിരിനിൻ<br>
സവിധേവീറപൂണ്ടു<br>
നാഥാ ദേവേശാ<br>
ഗിരിവാരിധി ധരനാം നിന്നെ<br>
കന്യകയാം മറിയാമേന്തി......''

അത്യന്താത്ഭുതം ഒരു മനുഷ്യനും ദൈവത്തെ കാണുവാൻ കഴിഞ്ഞിട്ടില്ല. മോശയ്ക്കുപോലും. എന്നാലിതാ ഇവിടെ ഒരു പെൺകുട്ടി സൈന്യങ്ങളുടെ യഹോവയെ സ്വന്തം ശരീരത്തിൽ ഉൾക്കൊണ്ട അവസ്ഥയിലും ഒരു കോട്ടം കൂടാതെയിരിക്കുന്നു.

''മുൾമരമെരിയാതെരിതീതൻ<br>
നടുവിൽ കണ്ടതുപോൽ<br>
ചിന്മയനമ്മറിയാമ്മിൽ<br>
വസിച്ചു ശരീരം പൂണ്ടു.''

എരിതീയിൽ വെന്തുപോകാതിരുന്ന സീനായ് മലയിലെ മുൾപ്പടർപ്പിനെ ഭാഗ്യവതിയുടെ മുൻകുറികളിലൊന്നായി പിതാക്കന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.



# ഭദ്രാസന വാർത്തകൾ

## മദ്യവർജ്ജന റാലിയും പൊതുസമ്മേളനവും

ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഐ റ്റി ഐ. സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച വൈകുന്നേരം ഐ റ്റി ഐ. നടത്തപ്പെട്ടു. ഭദ്രാസനാധി ജംഗ്ഷനിൽ നിന്നും മദ്യ വർജ്ജന റാലി നടത്തപ്പെട്ടു. ഭദ്രാസനാധി പൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, മാർത്തോമ്മാ സഭയുടെ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ, വെരി. റവ. എം. ജി. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ എന്നിവർ റാലിക്ക് നേതൃത്വം നൽകി. നിരവധി വൈദികരും ആത്മീയസംഘടനാ പ്രവർത്തകരും സംബന്ധിച്ചു. മാർ പീലക്സിനോസ് നഗറിൽ ഭദ്രാസനാധിപന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ നിരണം ഇടവകയുടെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. TRADA ഡയക്ടർ റവ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര മുഖ്യ സന്ദേശം നൽകി. ട്രെയിനിംഗ് ഇൻ ചാർജ്ജ് ശ്രീ. ജയിംസ് തെക്കേത്തലയ്ക്കൽ പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോബ്സൺ കോട്ടപ്പുറം, മദ്യനിരോധന സമിതി താലൂക്ക് പ്രസിഡൻറ് അഡ്വ. കെ. എസ്. രാമപ്പണിക്കർ എന്നിവർ പ്രസംഗിച്ചു. ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ. ഗീവറുഗീസ് ജോൺ സ്വാഗതവും ജോ. സെക്രട്ടറി മാത്യു ജി. മനോജ് കൃതജ്ഞതയും പറഞ്ഞു. ഭദ്രാസന ശേവത്സരാഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട റാലിയുടെയും പൊതുസമ്മേളനത്തിന്റെയും ക്രമീകരണങ്ങൾക്ക് ഫാ. ഗീവറുഗീസ് ജോൺ, ഭദ്രാസന സെക്രട്ടറി ശ്രീ. ജേക്കബ് ഉമ്മൻ, മാത്യു ജി. മനോജ്, റോയി സാമുവൽ, രാജീവ് വേണാട്, ജോൺ മത്തായി, ബിജു മാത്യു, ജോൺസൺ ഷിബു മാത്യു ,എന്നിവരും ഭദ്രാസന കമ്മറ്റിയംഗങ്ങളും നേതൃത്വം നൽകി.

## ബാലികാസമാജം

മുളക്കുഴ : ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് ബാലികാ സമാജം സമ്മേളനം മുളക്കുഴ സെൻറ് മേരീസ് പള്ളിയിൽ നടത്തി. ഫാ. ജേക്കബ് മാത്യു ക്ലാസ്സെടുത്തു. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ കെ. ജി. തോമസ്, ജേക്കബ് ഉമ്മൻ, മറിയാമ്മ ചാക്കോ എന്നിവർ പ്രസംഗിച്ചു. സജി മുളക്കുഴ സ്വാഗതവും തങ്കമ്മ ചാക്കോ കൃതജ്ഞതയും പറഞ്ഞു.

## ഡിസ്ട്രിക്റ്റ് സമ്മേളനം

ഇടനാട് : പുത്തൻകാവ് ഡിസ്ട്രിക്റ്റ് മർത്തമറിയം വനിതാ സമാജത്തിന്റെ ഒരു സമ്മേളനം ആഗസ്ററ് 20 ന് ഇടനാട് സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു. സിസ്ററർ സെലീൻ, കമാൻറർ കെ. ജി. തോമസ് മേരി തോമസ്, മറിയാമ്മ ചാക്കോ എന്നിവർ നേതൃത്വം നൽകി. വികാരി ഫാ എബ്രഹാം സൈമൺ സ്വാഗതം ആശംസിച്ചു.

## ക്വിസ് മത്സരം

മൈലപ്രാ MGOCSM unit ന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട കോട്ടയം റീജയനുകളെ ഉൾപ്പെടുത്തി ഒക്ടോബർ 7 ശനിയാഴ്ച 2 മണിക്ക് കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് ക്വിസ് മത്സരം നടത്തുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന യൂണിററുകൾ സെപ്ററംബർ 30 നു മുമ്പായി ജോൺസൺ ററി. ജെ. സെക്രട്ടറി MGOCSM. തെക്കേപുരയിടത്തിൽ, മണ്ണാരക്കുളഞ്ഞി P.O. പത്തനംതിട്ട 689678 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## ജൂബിലിയാഘോഷം

ഉമയാററുകര സെന്റ് തോമസ് പള്ളിയുടെ 125-ാം വാർഷിക ജൂബിലി ആഘോഷങ്ങൾ ഓഗസ്ററ് 26. 27 തീയതികളിൽ നടത്തപ്പെട്ടു. 26-ാം തീയതി ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മത സൗഹാർദ്ദ സമ്മേളനം സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. ററി. എം. ജേക്കബ് ഉൽഘാടനം ചെയ്തു. സ്വാമി സമഗ്രാനന്ദ നാദിർ മൗലവി സാഹിബ്, ഫാ. ജോർജ് പാറത്തുട്ട്, കുമാരി സജനാ എൻ.സാ കോശി, ഫാ. കെ. വി. ജോൺ, പി. വി. സഖറിയാ എന്നിവർ പ്രസംഗിച്ചു. ഡപ്യൂട്ടി സ്പീക്കർ ശ്രീ. കെ. നാരായണകുറുപ്പ് സമ്മാനദാനം നിർവ്വഹിച്ചു.

27-ാം തീയതി ഞായറാഴ്ച രാവിലെ ഇടവക മെത്രാപ്പോലീത്തായുടെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായുള്ള തയ്യൽ പരിശീലന കേന്ദ്രത്തിന്റെ ഉൽഘാടനം അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു. വൈകുന്നേരം പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം മേഘാലയാ ഗവർണ്ണർ ശ്രീ. എം. എം. ജേക്കബ് ഉൽഘാടനം ചെയ്തു. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ജോസഫ് മാർ ബർന്നബസ് എപ്പിസ്കോപ്പാ, പ്രൊഫ. പി. ജെ. കുര്യൻ എം. പി. ഫാ. സി. ററി. കുര്യൻ, ഫാ. ററി. ജി. ജോൺ ഫാ. ററി. ജി. സഖറിയാ, ചെറിയാൻ കുതിരവട്ടം എന്നിവർ പ്രസംഗിച്ചു.



## പ്രവർത്തനോൽഘാടനം

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് എം. ജി. ഒ. സി. എസ്. എം. യൂണിററിന്റെ 1995-96 ലെ പ്രവർത്തന പരിപാടികളുടെ ഔപചാരിക ഉൽഘാടനം ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. കെ. വി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പ്രസ്ഥാനം ജനറൽ സെക്രട്ടറി റവ. ഫാ. ജോൺ തോമസ്, റീജിയണൽ സെക്രട്ടറി ശ്രീ. കെ. എസ്. റോയി മാടപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു

## നേത്രദാന ബോധവൽക്കരണം

ഭദ്രാസനയുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നേത്രദാന ബോധവൽക്കരണം ആഗസ്ററ് 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ബഥേൽ അരമനയിൽ നടത്തി. യുവജനപ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് റവ. ഫാദർ കെ. വി. പോളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം വെരി. റവ. ജോർജ് കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലാ ആശുപത്രി നേത്ര വിഭാഗം മേധാവി ഡോ. പി. രമേശൻ MBBS MS ക്ലാസ് എടുത്തു. തുടർന്നു നടന്ന ചർച്ചയിൽ ഭദ്രാസന വൈസ് പ്രസിഡന്റ് റവ. ഫാദർ ഗീവറുഗീസ് ജോൺ, റവ ഡീ ഫിലിപ്പ് ജേക്കബ് ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു. ഈ വർഷം നേത്രദാന ബോധവൽക്കരണ വർഷമായി ആചരിക്കുവാനും കഴിവതും നേത്രദാന സമ്മതപത്രം ഒപ്പിട്ടുശേഖരിക്കുവാനും തീരുമാനിച്ചു. കേന്ദ്ര കമ്മററിയംഗം രാജീവ് തോമസ് സ്വാഗതവും ഭദ്രാസന ജേ. സെക്രട്ടറി മാത്യു ജി. മനോജ് കൃതജ്ഞതയും അർപ്പിച്ചു.

## അർദ്ധവാർഷിക സമ്മേളനം

മെഴുവേലി-പന്തളം ഡിസ്ട്രിക്റ്റ് പ്രാർത്ഥനായോഗ അർദ്ധവാർഷിക സമ്മേളനം തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രാർത്ഥനാ യോഗങ്ങളുടെ പ്രസക്തിയെപ്പററി ഫാ ജോൺ തോമസ് കരിങ്ങാട്ടിൽ പ്രസംഗിച്ചു. കെ. ജി. തോമസ്, വി ഐ തോമസ്, സി. എം. തങ്കച്ചൻ, പി. എസ്. തോമസ് എന്നിവർ ആശംസാപ്രസംഗം നടത്തി. ക്യാപ്ററൻ പി. സി. മാത്യു സ്വാഗതവും റോയി മാത്യു കൃതജ്ഞതയും പറഞ്ഞു.

## നിയമിച്ചു

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പുതുതായി രൂപീകരിച്ച റീജിയണുകളിൽ ഒന്നായ തുമ്പമൺ-ചെങ്ങന്നൂർ റീജിയന്റെ സെക്രട്ടറിയായി പെരളശ്ശേരി സെന്റ് ജോർജ് കാതോലിക്കേറ്റ് സിംഹാസനപ്പള്ളി ഇടവകാംഗം ചാരുനിൽക്കുന്നതിൽ ജേക്കബ് ഉമ്മനെ പ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ നിയമിച്ചിരിക്കുന്നു.

## താക്കോൽ ദാനം

മെഴുവേലി : ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിലെ പൗരോഹിത്യ രജത ജൂബിലി പ്രമാണിച്ച് മെഴുവേലി ഇടവകയിൽ നിന്നും പണിയിച്ച് ഇടവകയിലെ ഒരു സാധുകുടുംബത്തിനു നൽകിയ ഭവനത്തിന്റെ താക്കോൽ ഗൃഹനാഥന് അഭിവന്ദ്യ തിരുമേനി നൽകുകയുണ്ടായി. ഇടവക വികാരി വെരി. റവ. എം. ജി. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ ഭവനത്തിന്റെ കൂദാശ നിർവ്വഹിച്ചു. പൗരോഹിത്യ രജത ജൂബിലി പ്രമാണിച്ച് ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ പണിയുന്ന ഭവനങ്ങളിൽ ആദ്യ ഭവനം തീർത്ത മെഴുവേലി ഇടവകയെ ഇടവക മെത്രാപ്പോലീത്താ പ്രശംസിക്കുകയുണ്ടായി.

## അദ്ധ്യാപകയോഗം

മെഴുവേലി ഹോളി ഇന്നസെന്റ് ഇടവകയിലെ നാലു സണ്ടേസ്കൂളുകളിലെ അദ്ധ്യാപകരുടെ സംയുക്തയോഗം നെടുങ്കുന്നം സെന്റ് തോമസ് സണ്ടേസ്കൂൾ ഹാളിൽ 13-8-95 3 മണിക്ക് സണ്ടേസ്കൂൾ ഇൻസെപ്ക്ടർ ജേക്കബ് വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. പി. എം. ചാക്കോ പ്രസംഗിച്ചു. സണ്ടേസ്കൂൾ അസോസിയേഷൻ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു

## കുരിശ് സ്ഥാപിച്ചു

മെഴുവേലി : പുതുക്കിപ്പണിയുന്ന ഹോളി ഇന്നസെന്റ് ദേവാലയത്തിന്റെ പടിഞ്ഞാറെ കോട്ടയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന പ്രധാന കുരിശിന്റെ പ്രതിഷ്ഠ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് നിർവ്വഹിച്ചു. പുതിയ ദേവാലയത്തിന്റെ മൂന്നു ത്രോണോസുകളുടെയും അടിസ്ഥാന ശിലകൾ അഭിവന്ദ്യ തിരുമേനി ആശീർവദിച്ചു.





# ബാലപത്രിക

ആനി ജേക്കബ്, ചാരുനിൽക്കുന്നതിൽ

## അനുസരണം ബലിയെക്കാളും

സ്നേഹമുള്ള കൂട്ടുകാരെ,

ഒരിക്കൽ ജോണിമോന് പപ്പാ ഒരു പുത്തൻ സൈക്കിൾ വാങ്ങി കൊടുത്തു. സ്കൂളിൽ പോകാൻ ജന്മദിന സമ്മാനമായി കൊടുത്തതാണ്. ജോണി സൈക്കിളുമായി സവാരിക്കിറങ്ങിയപ്പോൾ പപ്പാ പറഞ്ഞു. 'ജോണീ' റോഡിലൂടെ പോകാവൂ. മലമ്പാതയിലൂടെ പോകരുത്'' 'ഇല്ല പപ്പാ' ജോണി പറഞ്ഞു.

പക്ഷേ കുറെ ചെന്നപ്പോൾ കൂട്ടുകാരൻ പ്രകാശിനെ കണ്ടു. മലമ്പാതയിലൂടെ പോയാൽ വളരെ സുഖമാണെന്നും ഇറക്കമായതിനാൽ വളരെ വേഗം സൈക്കിൾ ഓടിക്കാമെന്നും അവൻ പറഞ്ഞു. പപ്പായുടെ വാക്കുകൾ അവഗണിച്ച് ജോണിമോനും പ്രകാശിനോടൊപ്പം മലമ്പാതയിലൂടെ പാഞ്ഞു. അതു കണ്ട് ഒരു ആദിവാസി വിളിച്ചു പറഞ്ഞു.

''സൈക്കിൾ നിർത്തൂ. ഇനി മുമ്പോട്ടു പോകരുത്. അവിടെ കൊക്കയാണ്.''

പക്ഷേ അവനത് കാര്യമായി എടുത്തില്ല. കൊക്കയാകുമ്പോൾ നിർത്താം അവൻ ചിന്തിച്ചു. ഇറക്കത്തിൽ സൈക്കിൾ അതിവേഗം മുന്നോട്ടു നീങ്ങി. നിയന്ത്രിക്കാനാവാത്ത വേഗത. അവൻ കൊക്കയുടെ അടുത്തെത്തി. സൈക്കിൾ നിർത്താൻ ബ്രെയ്ക്കുപിടിച്ചു. ബ്രേക്ക് കിട്ടിയില്ല. താമസിച്ചുപോയി.

ജോണിമോൻ സൈക്കിളുമായി കൊക്കയിലേക്ക് തെറിച്ചു വീണു. അവന്റെ നിലവിളി അവസാനിച്ചത് അനന്തമായ അഗാധതയിലായിരുന്നു.

നാം പലപ്പോഴും ജോണിമോനെപ്പോലെ പെരുമാറാറില്ലേ? മുതിർന്നവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അവഗണിച്ച് പലപ്പോഴും അപകടത്തിൽ ചാടാറുണ്ട്. എപ്പോഴും നാം അനുസരണമുള്ളവരായി വളരണം.

''അനുസരണം ബലിയേക്കാളും, കൈക്കൊള്ളുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലതാകുന്നു.'' (1ശമുവേൽ 15:22)

സ്നേഹപൂർവ്വം ആനിച്ചേച്ചി

Regd.No R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA


## GOOD WILL TRADERS

S.N.D.P Buildings, M.C. Road
CHENGANNUR

Phone-Off: 2398, Res: 2301

We are the distributors of :

**Parryware** SANITARYWARE

**H&R Johnson** GLAZED TILES

**Spartek** FLOOR TILES

**Neycer** SANITARY WARE

**PerfetFlesh** CISTERN

Our Sister Concern :

**GOOD WILL SANITARY**
Nediyuzhathil Building, KALLISSERY


Printed and published by Fr. P. G. George on behalf of H. G. Thomas Mar Athanasios at PHILIPS PRINTERS CHENGANNUR Editor Fr. P. G. George